# ദീപനാളം


കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2024 സെപ്റ്റംബർ 12 | ദീപം 57 | നാളം 27 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# പരിസ്ഥിതി സംരക്ഷിക്കാൻ സഭ പ്രതിജ്ഞാബദ്ധമാണ്





**മാർ റാഫേൽ തട്ടിൽ**
**മേജർ ആർച്ചുബിഷപ്**

സീറോ മലബാർ സഭയുടെ മുപ്പത്തിരണ്ടാമതു സിനഡിന്റെ മൂന്നാം സമ്മേളനം 2024 ഓഗസ്റ്റ് 19 മുതൽ 31 വരെ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്നു. പ്രതിസന്ധികൾക്കിടയിലും ദൈവപരിപാലനയുടെ അതിശയകരമായ നടത്തിപ്പ് അനുഭവിച്ചറിയാനുള്ള അവസരമായാണ് സിനഡു സമ്മേളനം അനുഭവപ്പെട്ടത്. സഭയെയും സമൂഹത്തെയും ബാധിക്കുന്ന നിരവധി കാര്യങ്ങൾ സിനഡുപിതാക്കന്മാരുടെ പരിചിന്തനത്തിനു വിഷയമായി.

### പ്രകൃതിദുരന്തങ്ങൾ

വയനാട്ടിലും വിലങ്ങാടും സംഭവിച്ച സമാനതകളില്ലാത്ത പ്രകൃതിദുരന്തത്തിൽ മരണമടഞ്ഞവരെ സിനഡ് പ്രാർഥനാപൂർവം അനുസ്മരിച്ചു. ഉറ്റവരെയും ഉടയവരെയും മാത്രമല്ല, ഉള്ളതെല്ലാം നഷ്ടപ്പെട്ട് അനാഥരായിത്തീർന്ന ദുരിതബാധിതർക്കൊപ്പം കേരളമൊന്നാകെ നിലകൊണ്ടതു നമ്മുടെ സമൂഹത്തിന്റെ നന്മയും പ്രത്യാശയുടെ പ്രകാശവുമാണ്. ദുരന്തബാധിതരെ പുനരധിവസിപ്പിക്കാനുള്ള സംരംഭത്തിൽ സഭയുടെ സമ്പൂർണമായ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ട്.

വിവിധ സംസ്ഥാനങ്ങളിലെ കത്തോലിക്കാമെത്രാൻസമിതികളുടെ സഹകരണത്തോടെ ഭവനങ്ങൾ നിർമിച്ചുനല്കാനും ഭൂരഹിതരായവർക്കു ഭവനനിർമാണത്തിനാവശ്യമായ ഭൂമി സൗജന്യമായി വിട്ടുനല്കാനുമുള്ള സഭയുടെ സന്നദ്ധത ഉത്തരവാദിത്വപ്പെട്ടവരെ ഇതിനോടകം അറിയിച്ചിട്ടുണ്ട്. പുനരധിവാസപ്രക്രിയ ത്വരിതഗതിയിലാക്കാനും ദുരിതബാധിതർക്കുള്ള നഷ്ടപരിഹാര പാക്കേജുകൾ സത്വരമായി പ്രഖ്യാപിക്കാനും സിനഡുസമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നാം 'അധിവസിക്കുന്ന പൊതുഭവനം' എന്ന് ഫ്രാൻസിസ് മാർപാപ്പാ വിശേഷിപ്പിച്ച നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ സഭ എന്നും പ്രതിജ്ഞാബദ്ധമാണ്. എന്നാൽ, പരിസ്ഥിതിക്ക് ആഘാതംവരുത്തുന്ന വിവിധ ഖനനങ്ങൾക്കും വൻകിടനിർമാണങ്ങൾക്കും നേരേ കണ്ണടയ്ക്കുകയും കർഷകരെ പരിസ്ഥിതിഘാതകരായി ചിത്രീകരിക്കുകയും ചെയ്യുന്ന തെറ്റായ പരിസ്ഥിതിവാദത്തെ സഭ തിരിച്ചറിയുന്നുണ്ട്.

പ്രകൃതിദുരന്തങ്ങളുടെ മറവിൽ കർഷകദ്രോഹപരമായ നടപടികളാരംഭിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന നീക്കങ്ങൾ അപലപനീയമാണ്. പരിസ്ഥിതിലോലപ്രദേശങ്ങളായി കേരളത്തിലെ 131 വില്ലേജുകൾ ഉൾപ്പെടുത്തിക്കൊണ്ടു കേന്ദ്രസർക്കാർ പുറത്തിറക്കിയ വിജ്ഞാപനം മലയോരക്കർഷകരിൽ ഏറെ ആശങ്കയുളവാക്കുന്നുണ്ട്. ആയുസ്സുമുഴുവനും അധ്വാനിച്ചുണ്ടാക്കിയ സ്വന്തം കൃഷിഭൂമി മൂല്യരഹിതമായിത്തീരുന്ന ദയനീയമായ സാഹചര്യമാണ് ഈ വിജ്ഞാപനംവഴി കർഷകർക്കുണ്ടായിരിക്കുന്നത്.

ആഗോളതാപനംവഴിയുള്ള അതിവർഷംതുടങ്ങി പ്രകൃതിദുരന്തങ്ങളുടെ യഥാർഥകാരണം വിശദീകരിക്കുന്ന ശാസ്ത്രീയപഠനങ്ങളെ നിരാകരിച്ചുകൊണ്ട് കർഷകരെ ബലിയാടാക്കാനുള്ള നീക്കം പ്രതിഷേധാർഹവും തിരുത്തപ്പെടേണ്ടതുമാണ്. ഇക്കാര്യത്തിൽ കർഷകരുടെ ആശങ്കയകറ്റാനുള്ള വ്യക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

### സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി

സീറോമലബാർസഭയുടെ അഞ്ചാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിക്ക് ഓഗസ്റ്റ് 22 മുതൽ 25 വരെ പാലാ രൂപതയിലെ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടും സെന്റ് തോമസ് കോളജും സംയുക്തമായി ആതിഥേയത്വം വഹിച്ചു. സംഘാടനമികവുകൊണ്ടും കൂട്ടായ്മയുടെ സാക്ഷ്യംകൊണ്ടും ചർച്ചാവിഷയങ്ങളുടെ കാലികപ്രസക്തികൊണ്ടും ഇത്തവണത്തെ അസംബ്ലി ഏറെ ശ്രദ്ധേയമായിരുന്നു. വിശ്വാസപരിശീലനത്തിലെ നൂതനാഭിമുഖ്യങ്ങൾ, മിഷൻ പ്രവർത്തനത്തിലെ അല്മായരുടെ പങ്കാളിത്തം, സീറോമലബാർ സമുദായശക്തീകരണം എന്നീ വിഷയങ്ങളെ ആധാരമാക്കിയുള്ള പഠനങ്ങളും പരിചിന്തനങ്ങളുമാണ് അസംബ്ലിയിൽ പ്രധാനമായും നടന്നത്.

സീറോമലബാർസഭയിലെ മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും ഉൾപ്പെടുന്ന 348 അംഗങ്ങളാണ് അസംബ്ലിയിൽ പങ്കെടുത്തത്. സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിന്റെ ഗതി നിർണയിക്കാൻ സഹായകമായ ശ്രദ്ധേയമായ തീരുമാനങ്ങളും കർമപദ്ധതികളും അസംബ്ലിയിൽ രൂപീകരിച്ചിട്ടുള്ളത് വിശദമായി നിങ്ങളെ പിന്നീട് അറിയിക്കുന്നതാണ്.

മുല്ലപ്പെരിയാർഡാമിന്റെകാലപ്പഴക്കംമൂലമുള്ള ദുർബലാവസ്ഥ കേരളത്തിന്റെ മൂന്നിലൊരു ഭാഗത്തിനു നാശംവരുത്താൻ പര്യാപ്തമായ ഭീഷണിയായി വളർന്നിട്ടുണ്ട്. 'തമിഴ്നാടിനു വെള്ളവും കേരളത്തിനു സുരക്ഷിതത്വവു'മെന്ന നിലപാടിൽ ഉറച്ചുനിന്നുകൊണ്ടു ജനങ്ങളുടെ ആശങ്കയകറ്റാനുള്ള സത്വരനടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നു സഭാ അസംബ്ലി സർക്കാരിനോടാവശ്യപ്പെട്ടു.

ന്യൂനപക്ഷമായ ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പഠിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന്റെ റിപ്പോർട്ടു പ്രസിദ്ധീകരിക്കാനോ നിർദേശങ്ങൾ നടപ്പാക്കാനോ സർക്കാർ നാളിതുവരെ യാതൊന്നും ചെയ്തില്ല എന്ന സത്യം ക്രൈസ്തവസമൂഹത്തെ ഏറെ വേദനിപ്പിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സുതാര്യവും നീതിപൂർവകവുമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നു സഭ ആവശ്യപ്പെടുന്നു.

### കുടുംബപ്രാർഥന

നമ്മുടെ കുടുംബങ്ങളുടെ ശക്തികേന്ദ്രം നിത്യേനയുള്ള കുടുംബപ്രാർഥനകളായിരുന്നു. തലമുറകളെ വിശ്വാസപാരമ്പര്യത്തിലും സഭാസ്നേഹത്തിലും നിലനിറുത്തുന്നതിൽ കുടുംബപ്രാർഥനയ്ക്കുള്ള പങ്കു വലുതാണ്. എന്നാൽ, ജോലിത്തിരക്കുകൾമൂലവും കുടുംബാംഗങ്ങൾ വിവിധ ദേശങ്ങളിൽ ആയിരിക്കുന്ന സാഹചര്യത്തിലും നമ്മുടെ പവിത്രമായ കുടുംബപ്രാർഥനാസംസ്കാരത്തിനു കുറവുവന്നിട്ടുള്ളതായി സിനഡ് വിലയിരുത്തി. നമ്മുടെ കുടുംബങ്ങളുടെ കൂട്ടായ്മയെയും നിലനില്പിനെയും പരിപോഷിപ്പിക്കുന്ന കുടുംബപ്രാർഥനാരീതി അവികലമായി നിലനിറുത്താൻ എല്ലാ കുടുംബാംഗങ്ങളും പരിശ്രമിക്കണം.

▶10

# പാലായുടെ സാംസ്കാരികസ്നാപകൻ

**പാലാ രൂപതയുടെയും പാലാ സെന്റ് തോമസ് കോളജിന്റെയും പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് രൂപത പ്രഥമമെത്രാനും കോളജ് സ്ഥാപകനുമായ മാർ സെബാസ്റ്റ്യൻ വയലിൽപ്പിതാവിനെക്കുറിച്ച് ഒരനുസ്മരണം**

**പ്രൊഫ. സിജു ജോസഫ്**

"സഭയെ ഭരിക്കുന്നതു മനുഷ്യരല്ല, പരിശുദ്ധാത്മാവാണ്. അതുകൊണ്ട് മാനുഷികമായ ബലഹീനതയും അജ്ഞതയുംകൊണ്ടു ഭഗ്നാശനാകരുത്. പ്രാർഥനയുടെ ശക്തിയിൽ ഉറച്ചു വിശ്വസിക്കുക. ദിവ്യകാരുണ്യനാഥനോടു സദാ ബന്ധം പുലർത്തിക്കൊണ്ടിരിക്കുക. ഈശോയുടെ അമ്മയെ സ്വന്തം അമ്മയായി സ്വീകരിക്കുക."

ഒരു യുഗസ്രഷ്ടാവിന് അദ്ദേഹത്തിന്റെ ജീവിതയാത്രയിലെ നിർണായകമായൊരു വഴിത്തിരിവിൽ സമ്മാനിക്കപ്പെട്ട വാക്കുകളാണിത്.

പാലായുടെ പ്രഥമമെത്രാനായി മാർ സെബാസ്റ്റ്യൻ വയലിൽപ്പിതാവ് ചുമതലയേറ്റപ്പോൾ മാർപാപ്പയുടെ പ്രതിനിധിയായി എത്തിയ പ്രോ നുൺഷിയോ പീറ്റർ കീർക്കെൽസ് തിരുമേനിയാണ് സുന്ദരമായ ഈ ആശംസ നല്കിയത്. ഈ വാക്കുകൾക്ക് ഉടലും ജീവനും നല്കി സാക്ഷാത്കാരമേകിയ ഇതിഹാസസമാനമായ ഒരു ജീവിതസാക്ഷ്യത്തിന്റെ പേരാണ് 'നിന്റെ വഴികൾ എത്ര സുന്ദരം!' എന്ന ആത്മകഥ.

പാലായുടെ ആകാശത്തിനും അതിനപ്പുറവും പറന്നിട്ടുള്ളവരും പറക്കാനുള്ളവരും വിസ്മരിക്കരുതാത്ത ഒരു സത്യമുണ്ട്; ഇവിടെയൊരാകാശമുണ്ടെന്നു ചൂണ്ടിക്കാണിച്ചതും തൂവലുറയ്ക്കുംവരെ കാവലിരുന്നതും ചിറകുവിടർത്തുംവരെ താങ്ങായതും മറ്റാരുമായിരുന്നില്ല, പാലായുടെ പൂർവപുണ്യം എന്നു വിശേഷിപ്പിക്കാവുന്ന ഈ മനുഷ്യസ്നേഹിയായിരുന്നു.

പാലാ സെന്റ് തോമസ് കോളജും, അൽഫോൻസാ കോളജും, ട്രെയിനിങ് കോളജും, മൈനർ സെമിനാരിയും, സെന്റ് തോമസ് പ്രസും, ഇൻഡസ്ട്രിയൽ ട്രെയിനിങ് സെന്ററും, ഇൻഡസ്ട്രിയൽ എസ്റ്റേറ്റും ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പിറവിയെപ്പറ്റി തന്റെ ആത്മകഥയിൽ അദ്ദേഹം വിവരിക്കുന്നുണ്ട്. പ്രതിസന്ധികളും ഇല്ലായ്മകളും നിറഞ്ഞ ഒരു കാലഘട്ടത്തിന്റെ ചോദ്യങ്ങൾക്കു ദൈവത്തിന്റെയും സന്മനസ്സുള്ള മനുഷ്യരുടെയും കരം പിടിച്ച് വയലിൽപ്പിതാവ് നല്കിയ ഉത്തരങ്ങളായിരുന്നു ഇവയുൾപ്പെടെ നാമിന്നനുഭിക്കുന്ന സൗഭാഗ്യങ്ങൾ മിക്കതും.

1949 ൽ കോളജ് നിർമാണക്കമ്മിറ്റിയുടെ പ്രസിഡന്റായി നിയോഗിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ ആദ്യത്തെ അഭ്യർഥന പണത്തിനോ ഭൂമിക്കോ വേണ്ടിയായിരുന്നില്ല; പാലായിൽ ഒരു കോളജ് എന്ന സ്വപ്നം സഫലമാകാൻ പ്രാർഥിക്കണം എന്നാവശ്യപ്പെട്ട് ചങ്ങനാശ്ശേരി, തൃശൂർ, എറണാകുളം രൂപതകളിലെ സന്ന്യാസിനീസഭകൾക്കു കത്തയയ്ക്കുകയായിരുന്നു.

കോളജിന് അനുമതി ലഭിക്കാനുള്ള അപേക്ഷയ്ക്കൊപ്പം കെട്ടിവയ്ക്കാനുള്ള 300 രൂപ ഇല്ലാതെ വിഷമിച്ചതും ബഹുമാനപ്പെട്ട സി.കെ. മറ്റത്തിലച്ചൻ അതു നല്കിയതും ജോർജ് തോമസ് കൊട്ടുകാപ്പള്ളിയും വൈപ്പന മാത്തുച്ചേട്ടനും ജോസഫ് അഗസ്റ്റിൻ കയ്യാലക്കകവും സ്ഥലം സൗജന്യമായി നല്കിയതും ധനസമാഹരണത്തിനായി അലഞ്ഞതും എതിർപ്പുകൾ നേരിട്ടതും ഒടുവിൽ 1950 ഓഗസ്റ്റ് 7 ന് പാലാ സെന്റ് തോമസ് കോളജ് ഉദ്ഘാടനം ചെയ്യപ്പെട്ടതും തൊട്ടുപിന്നാലെ പാലാരൂപത പിറന്നതും വയലിൽകളപ്പുര മാണി സെബാസ്റ്റ്യനച്ചൻ പ്രഥമമെത്രാനായി പ്രഖ്യാപിക്കപ്പെടുന്നതും അദ്ഭുതാദരങ്ങളോടെ മാത്രമേ നമുക്കു വായിക്കാനാവൂ. ദീർഘവീക്ഷണം, ഇച്ഛാശക്തി, നേതൃപാടവം, കഠിനാധ്വാനം, ദൈവാശ്രയബോധം തുടങ്ങിയ വാക്കുകൾക്കു സഭയുടെയും സമൂഹത്തിന്റെയും ദിശ തെറ്റാത്ത സഞ്ചാരങ്ങളിൽ എത്രയോ സ്വാധീനം ചെലുത്താനാവും എന്നതിന്റെ വ്യക്തമായ ഉദാഹരണംകൂടിയാണ് അഭിവന്ദ്യ വയലിൽപ്പിതാവിന്റെ ജീവിതം.

പാലാ സെന്റ് തോമസ് ഹൈസ്കൂളിൽനിന്നു കടം വാങ്ങിയ 284 പുസ്തകങ്ങളോടെയായിരുന്നു സെന്റ് തോമസ് കോളജ് ലൈബ്രറിയുടെ ആരംഭം. 1956 ൽ ഇത് തിരിച്ചുനല്കിയിട്ടുമുണ്ട്. തിരുവിതാംകൂർ സർവകലാശാലയുടെ വൈസ് ചാൻസലറായിരുന്ന എച്ച്.സി. പാപ്പുവർത്ത് എന്ന ബ്രിട്ടീഷുകാരൻ ഇന്ത്യ വിട്ടുപോയപ്പോൾ അദ്ദേഹത്തിന്റെ വിപുലമായ ഗ്രന്ഥശേഖരം വിലയ്ക്കു വാങ്ങി സെന്റ് തോമസ് കോളജിനു സമ്മാനിച്ചത് ശ്രീ. കെ.വി. തോമസ് പൊട്ടംകുളമായിരുന്നു. 2387 പുസ്തകങ്ങളാണ് ഇങ്ങനെ ലഭിച്ചത്. സെന്റ് തോമസ് ഹൈസ്കൂളിൽനിന്നുതന്നെ കടംകൊണ്ട ഉപകരണങ്ങൾകൊണ്ടായിരുന്നു കെമിസ്ട്രിലാബ് ആരംഭകാലങ്ങളിൽ പ്രവർത്തിച്ചിരുന്നത്. ഇന്ന് ഓട്ടോണമസ് പദവിയും നാക്സമിതിയുടെ A++ ഗ്രേഡും സ്വന്തമാക്കി മികവിന്റെ കേന്ദ്രമായി മാറിയ ഈ കലാലയം അതിന്റെ യാത്ര എവിടെനിന്ന് ആരംഭിച്ചുവെന്നും പരിമിതികളെ മറികടന്നതെങ്ങനെയെന്നും ഈ കൃതിയിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ജവഹർലാൽ നെഹ്രുവിന്റെ സാമ്പത്തിക കാര്യോപദേഷ്ടാവായിരുന്ന ഡോ. പി.ജെ. തോമസായിരുന്നു പ്രഥമപ്രിൻസിപ്പൽ എന്ന കാര്യം കൂടി ഇതിനോടു ചേർത്തുവയ്ക്കണം.

പ്രക്ഷുബ്ധവും സംഘർഷാത്മകവുമായ ഒരു കാലഘട്ടമുയർത്തിയ വെല്ലുവിളികളിൽ പതറാതെ പ്രവാചകധീരതയോടെ അവയെ നേരിട്ട് കാലോചിതമായ മറുപടി നല്കാൻ അദ്ദേഹത്തിനു സാധിച്ചു. ആരുടെയെങ്കിലും വിമർശനത്തെയോ അധിക്ഷേപത്തെയോ ഭയന്ന് സമൂഹത്തിന്റെ ഉത്തമതാത്പര്യങ്ങളെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വത്തിൽനിന്നു മാറിനില്ക്കാൻ ഒരു സഭാധ്യക്ഷനുമാവില്ല എന്ന് കാലങ്ങൾക്കു മുമ്പേ അദ്ദേഹം കുറിച്ചുവച്ചു.



*മാർ സെബാസ്റ്റ്യൻ വയലിൽ പ്രഥമമെത്രാൻ*

ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ എല്ലാ പ്രൈമറിസ്കൂളുകളും ദേശസാത്കരിക്കാനും ഏറ്റെടുക്കാനുമുള്ള നീക്കം നടത്തിയപ്പോൾ അതിനെതിരേ പാലായിൽനിന്നു തിരുവനന്തപുരംവരെ കാൽനാടജാഥ സംഘടിപ്പിക്കാനും 'ധർമസമരം' പ്രഖ്യാപിക്കാനും പാലായുടെ പ്രഥമപിതാവിനു ചങ്കൂറ്റമുണ്ടായിരുന്നു.

സി. അച്യുതമേനോന്റെ ഭരണകാലത്ത് പുതിയ സർവകലാശാലാനിയമത്തിന്റെയും ഫീസ് എകീകരണത്തിന്റെയും ശമ്പളം സർക്കാർ നേരിട്ടു നല്കിത്തുടങ്ങിയതിന്റെയും തുടർച്ചയെന്നവണ്ണം അധ്യാപകനിയമനത്തിലും കോളജ് ഭരണത്തിലും അമിതസ്വാധീനം ചെലുത്താനുള്ള സർക്കാർശ്രമങ്ങളെ കോളജുകൾ അടച്ചിട്ടും മഹാജാഥകൾ സംഘടിപ്പിച്ചും പ്രതിഷേധയോഗങ്ങൾ നടത്തിയും ശക്തമായി പ്രതിരോധിക്കാൻ അഭിവന്ദ്യ വയലിൽപ്പിതാവ് മുൻനിരയിൽത്തന്നെയുണ്ടായിരുന്നു. അടച്ചിട്ട കോളജുകൾ തുറപ്പിക്കുമെന്നും തുറക്കാത്തവയെ പിടിച്ചെടുക്കുമെന്നും ഗവൺമെന്റു പ്രഖ്യാപിച്ചിട്ടും നിലപാടിൽ മാറ്റമില്ലായിരുന്നു. ഒടുവിൽ, പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ഇടപെടലുകളിലൂടെയും ചർച്ചയിലൂടെയുമാണ് പ്രശ്നം പരിഹരിച്ചത്.

വിമോചനസമരകാലത്ത് അങ്കമാലിയിൽ രക്തസാക്ഷികളായവരുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു നടത്തിയ പ്രസംഗത്തെക്കുറിച്ചുള്ള ജ്വലിക്കുന്ന ഓർമകൾ ജീവിതസായാഹ്നത്തിലും അദ്ദേഹം മറ്റുള്ളവരോടു പങ്കുവയ്ക്കുമായിരുന്നു.

ഈ നാട് ഇന്ന് എങ്ങനെയാണെന്നും നാളെ ഇത് എങ്ങനെയാവണമെന്നും ഉറക്കം നഷ്ടപ്പെട്ടു ചിന്തിക്കുകയും പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും പ്രബുദ്ധരായ ഒരു ജനതയെ തനിക്കുപിന്നിൽ സൃഷ്ടിക്കുകയും ചെയ്ത നവോത്ഥാനനായകൻ എന്ന നിലയിൽ പാലായുടെ പ്രഥമപിതാവിനെ അംഗീകരിച്ചേ മതിയാകൂ.'വയലിൽ' വിതച്ചത് കൊയ്തവരാണ് നാം. മണ്ണറിഞ്ഞും മനസ്സറിഞ്ഞും ആ മനുഷ്യൻ പുരോഗതിയുടെ വിത്തെറിഞ്ഞില്ലായിരുന്നെങ്കിൽ പാലായുടെ സാംസ്കാരികഭൂമിയിൽ ഇന്നും തരിശുനിലങ്ങൾ ഏറെ കാണുമായിരുന്നു.

എഴുപതോ എഴുപത്തിയഞ്ചോ വർഷം മുമ്പ് ഈ നാടിനെക്കുറിച്ചും ഇവിടുത്തെ യുവതയെക്കുറിച്ചും ഇത്രയും വലിയ സ്വപ്നങ്ങൾ കണ്ടിരുന്ന മറ്റാരാണ് ഇവിടെ ഉണ്ടായിരുന്നത്?

യുവാക്കൾക്ക് വ്യവസായസംരംഭത്തിലേർപ്പെടാനും തൊഴിൽദാതാക്കളാകാനുമുള്ള പരിശീലനം നല്കുന്നതിന് ആരംഭിച്ച ഇൻഡസ്ട്രിയൽ സ്കൂളും വിദേശനിർമിതയന്ത്രങ്ങൾ ഇറക്കുമതി ചെയ്ത് ആരംഭിച്ച ഇൻഡസ്ട്രിയൽ എസ്റ്റേറ്റും ട്രെയിനിങ് സെന്ററും തൊഴിൽപരിശീലനകേന്ദ്രങ്ങളും കരിയർ ഇൻഫർമേഷൻ സെന്ററുമെല്ലാം മേല്പറഞ്ഞതിന്റെ ഉദാഹരണങ്ങളാണ്. ഇതോടൊപ്പംതന്നെ, കലാസാംസ്കാരികസാഹിത്യരംഗങ്ങൾക്കു പ്രാധാന്യം നൽകുന്ന ഒരു പ്രസിദ്ധീകരണം പാലായിൽനിന്നുണ്ടാകണമെന്ന വയലിൽപ്പിതാവിന്റെ സ്വപ്നസാക്ഷാത്കാരമാണ് 1968 ഫെബ്രുവരി 22 ന് ഉദ്ഘാടനം ചെയ്യപ്പെട്ട ദീപനാളം വാരിക.

172 ഇടയലേഖനങ്ങളാണ് അദ്ദേഹം എഴുതിയത്. 'കർത്താവ് എന്റെ പ്രകാശമാകുന്നു' [Dominus Illuminatio Mea] എന്ന സങ്കീർത്തനവാക്യത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു ആദ്യ ഇടയലേഖനം. 'സാന്ത്വനപ്രകാശമേ എന്നെ നയിച്ചാലും' എന്ന വിനീതമായ പ്രാർഥനയുടെ ധ്വനിയാണ് വയലിൽപ്പിതാവ് സഞ്ചരിച്ച വഴികളിലൂടെ അദ്ഭുതാദരങ്ങളോടെ സഞ്ചരിക്കുമ്പോൾ ഇന്നു നമുക്ക് കേൾക്കാനാകുന്നത്. ഒരായുസ്സും ജീവിതവും മുഴുവനായി പങ്കിട്ടുനല്കിയിട്ടും അജഗണങ്ങളെ സ്നേഹിച്ചു കൊതിതീർന്നിട്ടില്ലാത്ത ഒരു ഇടയന്റെ ഹൃദയത്തുടിപ്പുകളാണ് അവസാനഇടയലേഖനത്തിലെ പല വരികളും. നേർത്ത നൊമ്പരത്തോടെ മാത്രമേ ആ വാക്കുകളെ നമുക്ക് ഉൾക്കൊള്ളാനാവൂ. തന്റെ വേർപാടിന്റെ സമയം അടുത്തെന്നും ബലിയായി അർപ്പിക്കപ്പെടേണ്ട മുഹൂർത്തം ആസന്നമായെന്നും സൂചിപ്പിച്ചശേഷം നല്കാൻ ഇനിയും ചിലതു ബാക്കിയുണ്ടെന്ന് അദ്ദേഹം ഓർമിപ്പിക്കുന്നു. 'ശേഷിച്ചിരിക്കുന്ന ജീവിതകാലം, അതു ദീർഘമോ ഹ്രസ്വമോ ആയിക്കൊള്ളട്ടെ, നിങ്ങൾക്കും എനിക്കും സഭയ്ക്കും സമുദായത്തിനും രാജ്യത്തിനും എന്നുവേണ്ട എല്ലാ മനുഷ്യർക്കുംവേണ്ടി പ്രാർഥിക്കുന്നതിനും പ്രായശ്ചിത്തം അനുഷ്ഠിക്കുന്നതിനും ഞാൻ വിനിയോഗിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നു.'

കണ്ടിട്ടും കേട്ടിട്ടും അറിഞ്ഞിട്ടുമില്ലാത്ത അനേകായിരങ്ങളുടെ മനസ്സിൽ, പ്രത്യേകിച്ച് സഭയിലെയും സമൂഹത്തിലെയും യുവതലമുറയുടെ മനസ്സിൽ അഭിവന്ദ്യ വയലിൽപ്പിതാവിന്റെ ഈടുറ്റ ജീവിതചിത്രം പതിയണം. 'നിന്റെ വഴികൾ എത്ര സുന്ദരം!' എന്ന ആത്മകഥയിലൂടെ സഞ്ചരിക്കാനുള്ള അവസരം അവർക്കു മുന്നിൽ ബോധപൂർവം സൃഷ്ടിക്കപ്പെടണം. സമകാലികസമൂഹവും സംസ്കാരവും വളരെ ശക്തമായിത്തന്നെ നമ്മോട് അത് ആവശ്യപ്പെടുന്നുമുണ്ട്.

■

# 'എനിക്കവരെ സഹായിക്കാതിരിക്കാനാവില്ല'

## സെപ്റ്റംബർ 5: വി. മദർ തെരേസയുടെ തിരുനാൾ





ഫാ. കുര്യാക്കോസ് നരിതൂക്കിൽ



1974 ൽ കോട്ടയത്ത് മദർ തെരേസ നേരിട്ടുവന്നു സ്ഥാപിച്ച ശാന്തി ഭവൻ അതിന്റെ സുവർണ ജൂബിലി വർഷത്തിൽ, 2024 ജൂൺ 21-ാം തീയതി അടച്ചുപൂട്ടി. അയൽക്കാർപോലും വിവരം അറിഞ്ഞിരുന്നില്ല. ആ സ്ഥാപനത്തിലെ 58 അന്തേവാസികളെ മറ്റു കെയർഹോംസിലേക്കു മാറ്റി. നഗരമധ്യേ ഒരു റെസിഡൻഷ്യൽ പ്രദേശത്ത് ഇങ്ങനെയുള്ള സ്ഥാപനങ്ങൾ നടത്താൻ ഇപ്പോഴത്തെ നിയമങ്ങൾ അനുവദിക്കാത്തതുകൊണ്ടും മറ്റൊരു സ്ഥലം ലഭിക്കാത്തതുകൊണ്ടുമാണ് സ്ഥാപനം നിർത്തലാക്കി കെട്ടിടത്തിന്റെ താക്കോൽ വിജയപുരം ബിഷപ്സ് ഹൗസിലേല്പിച്ചിട്ട് എട്ടു സിസ്റ്റേഴ്സ് യാത്രയായത്. അവർ കൂടെക്കൊണ്ടുപോയത് മദറിന്റെ ഒരു ചിത്രംമാത്രമാണ്.

പൂട്ടുവീണ ഗെയിറ്റിനുമുമ്പിൽ ഏതാനും ദിവസങ്ങൾക്കുശേഷം വികാരഭരിതരായി നോക്കിനിന്ന കോട്ടയംകാർ പത്രക്കാരോടു പറഞ്ഞ കാര്യങ്ങൾ കരളലിയിക്കുന്നതാണ്. അവർക്ക് മദർ തെരേസയുടെ സാന്നിധ്യമാണു നഷ്ടമായത്.






മദറിനെ സന്ദർശിക്കാൻ എത്തുന്നവർക്ക് അവർ നല്കിയിരുന്ന കാർഡിൽ അച്ചടിച്ച ലളിതമനോഹരമായ ഒരു സൂക്തമുണ്ട്.

The fruit of silence is prayer
The fruit of prayer is faith
The fruit of faith is love
The fruit of love is service
The fruit of service is peace.
(നിശ്ശബ്ദതയുടെ ഫലം പ്രാർഥന
പ്രാർഥനയുടെ ഫലം വിശ്വാസം
വിശ്വാസത്തിന്റെ ഫലം സ്നേഹം
സ്നേഹത്തിന്റെ ഫലം സേവനം
സേവനത്തിന്റെ ഫലം സമാധാനം)

യുവജനമതബോധനത്തിൽ (Youcat) മദർ തെരേസയെ ഏറെ തവണ ഉദ്ധരിക്കുന്നുണ്ട്. അതിനു കാരണം ലളിതവും എന്നാൽ, അസാധാരണവുമായ അവരുടെ വാക്കുകൾ ലോകമാസകലമുള്ള യുവജനങ്ങളെ ആകർഷിച്ചിരുന്നതുകൊണ്ടാണ്. ഒരു ഉദാഹരണം ഇവിടെ കുറിക്കട്ടെ. ഒരു ജേർണലിസ്റ്റ് മദറിനോടു ചോദിച്ചു: കത്തോലിക്കാസഭയിൽ എന്തു മാറ്റങ്ങളാണ് ഉണ്ടാകേണ്ടത്? മദർ ഉത്തരം ഉടനടി നല്കി: താങ്കളും ഞാനും മാറണം (Youcat p.33).

മദർ തെരേസ ഒരിക്കലും സഭാധികാരികളെ വിമർശിച്ചിരുന്നില്ല. അവർക്ക് കൽക്കത്തായിലെ ലൊറേറ്റോ മഠത്തിൽനിന്ന് വിടുതൽ ലഭിക്കാൻ രണ്ടുവർഷം കാത്തിരിക്കേണ്ടിവന്നു. അതെക്കുറിച്ച് പ്രശസ്ത എഴുത്തുകാരനും ജേർണലിസ്റ്റുമായ മൽക്കം മഗ്രിഡ്ജ് (Malcolm Muggeridge)പറയുന്നത്, കർഷകർ കാലാവസ്ഥയെ ചോദ്യം ചെയ്യാത്തതുപോലെയാണ് മദർ തെരേസ സഭാധികാരത്തെ സ്വീകരിച്ചതെന്നാണ്.

കൽക്കത്തയിലെ മദർ തെരേസയെ പാശ്ചാത്യലോകത്തിന് ആദ്യമായി പരിചയപ്പെടുത്തിയത് മൽക്കം മഗ്രിഡ്ജാണ്. 1968 ൽ ലണ്ടനിൽ വച്ച് ബി.ബി.സി.ക്കുവേണ്ടി അദ്ദേഹം മദർ തെരേസയെ ഇന്റർവ്യൂ ചെയ്തു. അരമണിക്കൂർ നീളുന്ന ഈ സംഭാഷണം പ്രക്ഷേപണയോഗ്യമാണോ എന്നുപോലും സംശയമുണ്ടായി. കാരണം, അതിൽ മദർ ഒന്നിനെയും ചോദ്യം ചെയ്തില്ല. വിവാദപരമായ ഒരു പ്രസ്താവനയും നടത്തിയില്ല. മദറിനു പറയാനുള്ളതെല്ലാം ലളിതമായ സത്യങ്ങളായിരുന്നു, അടിയുറച്ച ബോധ്യങ്ങളായിരുന്നു. വഴിയരികിൽ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടു പുഴുവരിച്ചു കിടന്നവരിൽ ഈശോമിശിഹായെയാണ് മദറും സഹപ്രവർത്തകരും ദർശിച്ചിരുന്നത്. അവരെ ശുശ്രൂഷിക്കുമ്പോൾ സാക്ഷാൽ ഈശോയെത്തന്നെയാണു ശുശ്രൂഷിക്കുന്നതെന്ന് അവർ തിരിച്ചറിഞ്ഞു. എത്ര മറിച്ചും തിരിച്ചും ചോദിച്ചിട്ടും മദറിന് ഈയൊരു സത്യമേ അവരോടു പറയാനുണ്ടായിരുന്നുള്ളൂ.

ഏതായാലും ഒരു ഞായറാഴ്ച രാത്രി വളരെ വൈകി ഈ പ്രോഗ്രാം സംപ്രേക്ഷണം ചെയ്തു. ബി.ബി.സി. സ്റ്റുഡിയോയിൽ എല്ലാവരെയും അദ്ഭുതപ്പെടുത്തിയ പൊതുജനപ്രതികരണമാണ് ഉണ്ടായത്. താമസിയാതെതന്നെ പ്രേക്ഷകരുടെ ആവശ്യപ്രകാരം കുറച്ചുകൂടി സൗകര്യപ്രദമായ സമയത്ത് അത് പുനഃസംപ്രേഷണം ചെയ്യേണ്ടതായും വന്നു.

യാതൊരു സാമ്പത്തികസഹായാഭ്യർഥനയും മദർ തെരേസ നടത്തിയില്ലായിരുന്നു. എന്നിട്ടും പ്രക്ഷേപണങ്ങൾ കഴിഞ്ഞപ്പോൾ ബി.ബി.സി. ഓഫീസിലേക്കും മൽകം മഗ്രിഡ്ജിന്റെ പേരിലും ചെറുതും വലുതുമായ തുകയുടെ ചെക്കുകൾ അടക്കം ചെയ്ത കത്തുകളുടെ പ്രവാഹമായിരുന്നു.

'ഈ സ്ത്രീ, ഇതിനുമുമ്പ് മറ്റാരും സംസാരിക്കാത്തവിധം, എന്നോടു നേരിട്ടു സംസാരിച്ചു. എനിക്കവരെ സഹായിക്കാതിരിക്കാനാവില്ല' എന്നതായിരുന്നു മിക്കവാറും കത്തുകളുടെ ഉള്ളടക്കം. ഇപ്രകാരം 20,000 പൗണ്ടിന്റെ സംഭാവനയാണ് ആകെ ലഭിച്ചതെന്നും മഗ്രിഡ്ജ് എഴുതിയിട്ടുണ്ട്. 1971 ൽ മൽക്കം മഗ്രിഡ്ജ് പ്രസിദ്ധീകരിച്ച Something beautiful for God എന്ന പുസ്തകത്തിലാണ് ഈ വിവരങ്ങളെല്ലാം നല്കുന്നത്. ഇക്കാര്യങ്ങൾ വിവരിച്ചശേഷം മൽക്കം മഗ്രിഡ്ജ് നല്കുന്ന സ്വതഃസിദ്ധമായ ഒരു കമന്റുണ്ട്: "മാസ് മീഡിയായിൽ ക്രിസ്ത്യൻസാന്നിധ്യമറിയിക്കാൻ നടത്തുന്ന സംവാദങ്ങളും സങ്കീർത്തനങ്ങളുടെ സ്ഥാനത്തുള്ള പോപ്പ്മ്യൂസിക്കും മറ്റു കസർത്തുകളുമെല്ലാം വൃഥാവിലാണ്." അദ്ദേഹം തുടരുന്നു: "ദൈവസ്നേഹവും പരസ്നേഹവും നിറഞ്ഞുതുളുമ്പുന്ന ഒരു മുഖം ടി.വി. സ്ക്രീനിൽ കാണിച്ചാൽ മതി, ക്രൈസ്തവസന്ദേശം പകർന്നുനല്കാൻ."

സുപ്രസിദ്ധ ഫ്രഞ്ചു ദൈവശാസ്ത്രജ്ഞനായ യീവ് കോംഗാർ 1976 ൽ എഴുതിയ ഒരു ലേഖനത്തിൽ മൽക്കം മഗ്രിഡ്ജിനെ ഉദ്ധരിച്ചശേഷം ഇക്കാര്യത്തെക്കുറിച്ച് എഴുതുന്നത് ഇപ്രകാരമാണ്: "ഇതാണ് ദൈവികപ്രകാശനം (hierophany). ഒരാളുടെ വാക്കുകളിലൂടെയും മുഖഭാവത്തിലൂടെയും പെരുമാറ്റത്തിലൂടെയും വ്യക്തിത്വത്തിലൂടെയും ദൈവത്തെ വെളിപ്പെടുത്തുന്നതാണ് ദൈവികപ്രകാശനം (Congar, Called to Life. p.137)."


മൽക്കം മഗ്രിഡ്ജ് മദർ തെരേസയെക്കുറിച്ച് ഒരു ഡോക്യുമെന്ററി തയ്യാറാക്കാൻ അനുവാദം ചോദിച്ചു. അത് 1969 ൽ ആയിരുന്നു. മദറിന് അതിന് താത്പര്യമില്ലായിരുന്നു. മൽക്കം മഗ്രിഡ്ജ് ഇംഗ്ലണ്ടിലെ കർദിനാൾ ജോൺ ഹീനാനെ സമീപിച്ച് ഒരു കത്തുവാങ്ങി. അദ്ദേഹത്തിന്റെ സ്നേഹപൂർണമായ നിർബന്ധം മൂലം ചില ഉപാധികളോടെ മദർ സമ്മതിച്ചു. ഒന്ന്, അത് മദറിന്റെ ജീവചരിത്രമാകരുത്. രണ്ട്, അത് സിസ്റ്റേഴ്സിനെയും ബ്രദേഴ്സിനെയും ഉൾക്കൊള്ളിച്ചുകൊണ്ടാവണം. മദർ കർദിനാളിനെഴുതി: "ഈ ഫിലിം ജനം ദൈവത്തെ കൂടുതൽ സ്നേഹിക്കാൻ ഉപകരിക്കുമെങ്കിൽ എനിക്കു സമ്മതമാണ്." ബി.ബി.സി. ടീം മദറിന്റെ ഇംഗിതമറിഞ്ഞ് പ്രവർത്തിച്ചു. അഞ്ചുദിവസംകൊണ്ട് ജോലികൾ പൂർത്തിയായി. മദർതന്നെയാണ് Something beautiful for God എന്ന പേരു നിർദ്ദേശിച്ചത്.

1982 നവംബർ 27-ാം തീയതി മൽക്കം മഗ്രിഡ്ജും ഭാര്യയും കത്തോലിക്കാസഭയെ ആശ്ലേഷിച്ചു. മദറിന്റെയും പോൾ ആറാമൻ മാർപാപ്പയുടെയും സ്വാധീനം ഈ മാനസാന്തരത്തിനു പിന്നിലുണ്ടെന്ന് Conversion എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഏറ്റുപറയുന്നുണ്ട്. ഭ്രൂണഹത്യ, കൃത്രിമസന്താനനിയന്ത്രണം തുടങ്ങിയ കാര്യങ്ങളിലുള്ള പോൾ ആറാമൻ പാപ്പായുടെ നിലപാടുകൾ അദ്ദേഹത്തെ ഏറെ സ്വാധീനിച്ചു. ഒരു പത്രം വായിക്കുകയോ റേഡിയോ കേൾക്കുകയോ ടി.വി. കാണുകയോ ചെയ്യാത്ത മദർ തെരേസായ്ക്കാണ് ലോകസംഭവങ്ങളുടെ സത്യാവസ്ഥ അറിയാവുന്നത് എന്ന് അദ്ദേഹം എഴുതി. എന്നിട്ട് തന്റെ തൊഴിലിനെപ്പറ്റി രസകരമായ ഒരു പ്രസ്താവന നടത്തുന്നുണ്ട്: "ആദിയിൽ വാർത്ത ഉണ്ടായിരുന്നു. വാർത്ത വാക്കുകളായി നമ്മുടെ ഇടയിൽ വസിച്ചു, പ്രസാദരഹിതവും നിറയെ നുണകളുമായി."

മദറിൽ മൽക്കം മഗ്രിഡ്ജ് ദർശിച്ചിരുന്നത് വിശുദ്ധിയുടെ സൗന്ദര്യമായിരുന്നു. അദ്ദേഹം മദറിനെ മനസ്സിലാക്കിയത് അപ്രകാരമാണ്.

(തുടരും)

> വഴിയരികിൽ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടു പുഴുവരിച്ചു കിടന്നവരിൽ ഈശോമിശിഹായെയാണ് മദറും സഹപ്രവർത്തകരും ദർശിച്ചിരുന്നത്. അവരെ ശുശ്രൂഷിക്കുമ്പോൾ സാക്ഷാൽ ഈശോയെത്തന്നെയാണു ശുശ്രൂഷിക്കുന്നതെന്ന് അവർ തിരിച്ചറിഞ്ഞു.



*ഫാ. ഡോ. ജയിംസ് പുലിയുറുമ്പിൽ രചിച്ച 'Pantaenus in India' എന്ന ഗ്രന്ഥം സീറോ മലബാർസഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ, പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിനു നല്കി പ്രകാശനം ചെയ്യുന്നു. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, ഗ്രന്ഥകർത്താവ് എന്നിവർ സമീപം.*

# ഭാഗ്യമരണം



ഡോ. തോമസ് മൂലയിൽ

“അച്ചൻ വന്നിട്ട് ആഴ്ച രണ്ടു കഴിഞ്ഞല്ലോ! എന്നിട്ടും അങ്ങോട്ടൊന്നിറങ്ങിയില്ലല്ലോ! അച്ചന്മാർ മാറിവരുമ്പോൾ ആദ്യം വീട്ടിൽ വരികയും ഭക്ഷണം കഴിക്കുകയും ചെയ്യുന്ന പതിവുണ്ട്.” ഈനാച്ചൻ പറഞ്ഞു നിർത്തി. “അതിന് അച്ചന്മാർ പഞ്ഞംകെട്ടല്ലല്ലോ വരുന്നത്” അച്ചന്റെ ആത്മഗതം. എന്തായാലും പ്രതികരിച്ചു: “ഞാൻ വരാമല്ലോ. എല്ലാ വീടുകളും ഞാൻ സന്ദർശിക്കും. ആദ്യം പള്ളിയുടെ രേഖകളൊക്കെയൊന്നു പരിശോധിച്ചും പള്ളിയിൽ വരുന്നവരുമായി സംസാരിച്ചുമൊക്കെ ഇടവകയെപ്പറ്റി സാമാന്യമായ ഒരറിവു തേടും. അതിനുശേഷമാണ് ഭവനസന്ദർശനം പതിവ്.”

“അച്ചന്റെ പതിവൊന്നും തെറ്റിക്കണ്ടാ. എന്റെ മോൾ അമേരിക്കയിൽനിന്നു വന്നിട്ടുണ്ട്. അവൾക്ക് അവധി അധികമില്ല. അതുകൊണ്ട് വൈകുന്നേരം അച്ചൻ വീട്ടിലോളം വരണം.”

‘അമേരിക്കയിൽനിന്നു വന്ന മകൾ പള്ളീൽ വന്ന് അച്ചനെ കാണണോ, അച്ചൻ അവളെ വീട്ടിൽച്ചെന്നു കാണണോ?’ അച്ചന്റെ ആത്മഗതം.

“ഞാൻ വൈകുന്നേരം നടക്കാനിറങ്ങുമ്പോൾ അതിലേ വന്നുകൊള്ളാം.” അച്ചൻ പറഞ്ഞു.

“അയ്യോ! അതു വേണ്ടാ; ഞാൻ വണ്ടിയുമായി വന്നോളാം.” ഈനാച്ചന്റെ ഔദാര്യം.

“എപ്പഴാ?” അച്ചൻ ചോദിച്ചു.

“ഒരു എട്ടുമണി ആയിക്കോട്ടെ: അത്താഴം അവിടെ കഴിക്കാം.”

“ഈശോയും ധനവാന്റെ വീട്ടിൽ ഭക്ഷണം കഴിക്കാൻ പോയിട്ടുണ്ടല്ലോ.” അച്ചൻ മനസ്സിലോർത്തു.

“ശരി, വന്നേക്കാം.” അച്ചൻ സമ്മതിച്ചു. ഈനാച്ചൻ പോയി.

പറഞ്ഞതുപോലെ, ഷാർപ്പ് എട്ടുമണി; വണ്ടി വന്നു. അച്ചനിറങ്ങി. ഈനാച്ചൻ ഡോർ തുറന്ന് അച്ചനെ കാറിൽ കയറ്റി. വീട്ടിലെത്തി. ഈനാച്ചന്റെ ഭാര്യ ഈത്തമ്മയും മോളും ഇറങ്ങിവന്നു. കൈകൂപ്പി, സ്തുതി ചൊല്ലി, അച്ചനെ എതിരേറ്റു. നേരേ ഡൈനിങ് ഹാളിലേക്ക് ആനയിച്ചു. പത്രോസ് ദർശനത്തിൽക്കളെയും പോലെ ഭൂമിയിലെ നാല്ക്കാലിമൃഗങ്ങളും ഇഴജന്തുക്കളുമെല്ലാം മേശയിൽ നിരന്നിരിക്കുന്നു. അറുത്തു ഭക്ഷിക്കണ്ടാ; അറുത്തും വറത്തും പൊരിച്ചും കറിവച്ചുമൊക്കെയായിട്ടാണ് എല്ലാം ഇരിക്കുന്നത്. ഇനി കഴിച്ചാൽ മതി. പക്ഷേ, അശരീരിയൊന്നും ഉണ്ടായില്ല. ഒപ്പമിരുന്ന കുപ്പിയുടെ അടപ്പു തുറക്കാൻ ഈനാച്ചൻ തുടങ്ങി. “ഞാൻ ഇതൊന്നും കഴിക്കേല! മാത്രമല്ല, ഞാൻ ലഹരിവിരുദ്ധപ്രവർത്തകൻകൂടിയാണ്.”

“അച്ചോ, അഡിക്ടാകാതിരുന്നാൽ മതി; വല്ലപ്പോഴും ഒന്നു കഴിക്കാമെന്നേ.”

“ഒരിക്കലും പാടില്ല, വല്ലപ്പോഴും എന്നു പറഞ്ഞ് തുടങ്ങും; പിന്നെ അഡിക്ടായിപ്പോകും. ഇങ്ങനെ എത്ര കുടുംബങ്ങളാണു നശിച്ചുപോകുന്നത്!”

“അച്ചൻ പിന്നെന്താ കഴിക്കുന്നേ?”

“അത്താഴത്തിനു കഞ്ഞിയാണു പതിവ്. അല്ലെങ്കിൽ രണ്ടു ചപ്പാത്തിയും വെജിറ്റബിൾസും.” ഈത്തമ്മ ആകെ പരുങ്ങലിലായി.

“അച്ചോ, ചപ്പാത്തിയുണ്ട്; വെജിറ്റബിൾസ്... ഉടനെ ശരിയാക്കാം.” പറഞ്ഞമാത്ര, വെജിറ്റബിൾസുമായി മകളെത്തി.

അച്ചൻ അതു കഴിച്ചു.

അപ്പോഴിതാ കപ്യാരുടെ ഫോൺ: “അച്ചോ, ആ ഔസേപ്പച്ചനു കൂടുതലാണെന്നും പറഞ്ഞു മകൻ വന്നിട്ടുണ്ട്.”


“നീ നിന്റെ ഓട്ടോയുമായി ഈനാച്ചന്റെ വീട്ടിലേക്കു പോരെ...” പറഞ്ഞനേരംകൊണ്ട് കപ്യാർ ഓട്ടോയുമായി വന്നുകഴിഞ്ഞു; അച്ചൻ പോകാനിറങ്ങി.

“അതിയാനതു കുളമാക്കി.” ഈനാച്ചൻ പിറുപിറുത്തു. അതിനിടെ കപ്യാരുടെ കണ്ണ് മേശപ്പുറത്തൊന്നുടക്കി. ഊറിവന്ന ഉമിനീര് വിഴുങ്ങി അവൻ ഓട്ടോ സ്റ്റാർട്ട് ചെയ്തു.

ഔസേപ്പിന് ഒപ്രുശുമാ കൊടുത്തു തിരിച്ചെത്തിയ അച്ചനെ പള്ളിമുറിയിൽ കേറ്റിവിട്ടിട്ടു കപ്യാർ കുഞ്ഞുമോൻ ഈനാച്ചന്റെ വീട്ടിൽ പറന്നെത്തി. താടിക്കു കൈയും കൊടുത്തിരുന്ന ഈനാച്ചന്റെ അടുത്തു ചെന്നുനിന്നു. “നീ ഇരിയടാ” കുഞ്ഞുമോൻ ഭവ്യതയോടെ ആജ്ഞയനുസരിച്ചു. തുറന്ന കുപ്പിയും മേശയിലുണ്ടായിരുന്നതുമെല്ലാം അവന്റെ നേർക്കു നീക്കിവച്ചു. കുഞ്ഞുമോൻ ആർത്തിയോടും ആക്രാന്തത്തോടുംകൂടി എല്ലാം അകത്താക്കി. രണ്ടുപേരും ഫിറ്റായി. നാവു രണ്ടുപേരുടെയും കുഴയുന്നുണ്ടെങ്കിലും വാചാലരായി. അച്ചനെപ്പറ്റി ഇതിനോടകം ശേഖരിച്ച ഡേറ്റയെല്ലാം അവൻ അക്കമിട്ടു നിരത്തി. ഈനാച്ചനു ലഭിച്ചിരുന്ന ഡേറ്റയ്ക്കു പുറമേ, കുഞ്ഞുമോൻ കൊടുത്ത വിവരങ്ങളും ഈനാച്ചൻ കൺസോളിഡേറ്റു ചെയ്തു മനസ്സിൽ കുറിച്ചിട്ടു.

പിറ്റേന്നു രാവിലെ പള്ളീൽ വന്ന ഈത്തമ്മ അച്ചനെ കാണാൻ വന്നു. ഈനാച്ചന്റെ വിവരങ്ങളെല്ലാം ധരിപ്പിച്ചു. കുടിച്ചു കുടിച്ചു ചങ്കും കരളും മിക്കവാറും എല്ലാം പരുവത്തിലായി. ബൈപ്പാസും കഴിഞ്ഞിരിക്കയാണ്. ഡോക്ടർമാർ കർശനമായി പറഞ്ഞിട്ടുള്ളതാണു കുടിക്കരുതെന്ന്. ബ്ലെയിഡ് നടത്തി കാശുണ്ടാക്കുന്നു. രാവിലെ പോയാൽ സന്ധ്യ കഴിഞ്ഞേ വരൂ... പള്ളീൽ പോകേല. കുമ്പസാരോമില്ല, കുർബാനേമില്ല. പള്ളീപോയാലും അകത്തു കേറുകേല... ഈത്തമ്മയുടെ കണ്ണുനിറഞ്ഞു! അച്ചൻ ആശ്വസിപ്പിച്ച്, തലേൽ കൈവച്ചു പ്രാർഥിച്ച് പറഞ്ഞയച്ചു.

പിറ്റേ ഞായറാഴ്ച അച്ചൻ കുർബാനമധ്യേ, പള്ളിക്കു പുറത്തും മോണ്ടളത്തിലും നില്ക്കുന്നവർ അകത്തുകയറി പ്രാർഥനയിൽ പങ്കുചേരാൻ പറഞ്ഞു. മിക്കവാറും എല്ലാവരും അനുസരിച്ചു. ഈനാച്ചൻ പതിവിനു വിരുദ്ധമായി പള്ളീൽ എത്തിയിരുന്നു. പതിവുപോലെ മോണ്ടളത്തിൽ ഇരിപ്പുറപ്പിച്ചിരുന്നു. പറഞ്ഞ കാര്യത്തിന് അച്ചൻ ഒരു വിശദീകരണവും കൊടുത്തിരുന്നു. കുഞ്ഞുങ്ങളുമായി വരുന്നവരും കുഞ്ഞുങ്ങളെ പാലൂട്ടുന്ന സ്ത്രീകളുമൊക്കെ അവിടെ ഇരിക്കട്ടെ. പുരുഷന്മാർ അവിടെ നില്ക്കുന്നതുചിതമല്ല. അപ്പോൾ, ചിലരെല്ലാം പിറകോട്ടു തിരിഞ്ഞുനോക്കി. അവിടെയിരിക്കുന്ന ഏകപുരുഷൻ ഈനാച്ചൻമാത്രം!



ഈനാച്ചൻ ഇറങ്ങി സ്ഥലം വിട്ടു. ഇതു വാർത്തയായി...! ഈനാച്ചൻ കട്ടക്കലിപ്പിലായി...

പിറ്റേ ഞായറാഴ്ച മദ്യവർജനം സംബന്ധിച്ച അഭിവന്ദ്യപിതാവിന്റെ കല്പനയുണ്ടായിരുന്നു. അതു വായിച്ച കൂട്ടത്തിൽ, മദ്യം, മയക്കുമരുന്ന് ഇവയുടെ ഉപയോഗം നിമിത്തമുള്ള കെടുതികളെപ്പറ്റി അച്ചൻ സ്വന്തമായി ഒരു വിശദീകരണവും നല്കി. കൂടാതെ, ലഹരിക്ക് അഡിക്ട് ആയവരെ, ആരും അറിയാതെ ‘റീഹാബിലിറ്റേഷൻ’ സെന്ററിൽ എത്തിക്കാനുള്ള ക്രമീകരണം അച്ചൻ നേരിട്ടു നല്കാമെന്നും പറഞ്ഞു. കുർബാന കഴിഞ്ഞു പള്ളീന്നിറങ്ങിയവരുടെ ചർച്ച ഇടവകയിൽ അഡിക്ട് ആയിട്ടുള്ളവരെപ്പറ്റിയായിരുന്നു. സ്വാഭാവികമായും ഈനാച്ചൻ പ്രധാന കഥാപാത്രമായി...! വിഷയം ഈനാച്ചന്റെ ചെവിയിലെത്തി.

“ഇയാളെ ഇവിടുന്നു പൊക്കാതെ പറ്റില്ലല്ലോ.” ഈനാച്ചൻ പതിവുപോലെ കരുക്കൾ നീക്കാൻ തീരുമാനിച്ചു.

ഇതിനിടെ ഒരു വാർത്ത. “വികാരിയച്ചന്റെ മുറിയിൽ ബ്രാണ്ടിക്കുപ്പി.” വാർത്ത വൈറലായി. വികാരിയച്ചന്റെ ചെവിയിലും ഇതെത്തി. അച്ചൻ പള്ളിയിൽ കയറി ഒരു മണിക്കൂർ ആരാധന നടത്തി. ഇറങ്ങി വന്നപാടേ, മുറിയിൽ ഒരു പരിശോധന നടത്തി. ശത്രുക്കൾ വല്ലവരും കൊണ്ടുവന്നു വച്ചതാണോ? പക്ഷേ, ഒന്നും കണ്ടില്ല.

സംഭവം ഇങ്ങനെ: തൂപ്പുകാരൻ മാത്തു മുറി അടിച്ചുവാരി ബാത്ത്റൂമിൽ നോക്കിയപ്പോൾ ഒരു കുപ്പി ഇരിക്കുന്നു. സൂക്ഷിച്ചു നോക്കിയപ്പോൾ പാതി കാലിയായ ഒരു ബ്രാണ്ടിക്കുപ്പി! ഇക്കാര്യം രഹസ്യമായി കപ്യാർ കുഞ്ഞുമോനോടു പറഞ്ഞു. കുഞ്ഞുമോൻ ഉടനെതന്നെ വാർത്ത ഈനാച്ചനു കൊടുത്തു. ഈനാച്ചനത് ആവശ്യത്തിനുള്ള മാറ്ററായി! അഡീഷണലായിട്ട്, കുഞ്ഞുമോൻ ഒരു ദൃക്സാക്ഷിയാകാനും തീരുമാനിച്ചു. ഈനാച്ചന്റെ വീട്ടിൽനിന്ന് ഒരു ബ്രാണ്ടിക്കുപ്പി കൊണ്ടുവന്ന് തൊണ്ടി മുതലായി കുഞ്ഞുമോൻ അവതരിപ്പിച്ചു. ഈനാച്ചൻ തന്റെ എഡിസി ഈപ്പച്ചനെ വിളിച്ചു. രണ്ടുപേരും ചേർന്നു കിട്ടിയ ഡേറ്റാകളുടെ അടിസ്ഥാനത്തിൽ ഒരു പിതൃരഹിതലഘുലേഖ ശരിയാക്കി. തലക്കെട്ട്: “മദ്യവർജനപ്രവർത്തകൻ വികാരിയുടെ മുറിയിൽ ബ്രാണ്ടിക്കുപ്പി.” പിറ്റേ ഞായറാഴ്ച പള്ളിമുറ്റം നിറയെ ലഘുലേഖ! സൺഡേ സ്കൂൾ കുട്ടികൾ ഒരെണ്ണം വികാരിയച്ചനു കൊണ്ടുപോയി കൊടുത്തു. അച്ചൻ ആകെ വിളറി...! പള്ളിയിൽ കയറി കർത്താവിനോടു വിവരം പറഞ്ഞു... അറിയാതെ കണ്ണുനിറഞ്ഞു. പള്ളിമുറിയിലെത്തി ആലോചനയിൽ മുഴുകി. പെട്ടെന്ന് ഒരു തോന്നൽ, അച്ചൻ ബാത്ത്റൂമിൽക്കേറി നോക്കിയപ്പോൾ തന്റെ കുഴമ്പിരിക്കുന്നത് ബ്രാണ്ടിയുടെ ലേബലുള്ള കുപ്പിയാണെന്നു മനസ്സിലാക്കി. ഇനി എന്താ ചെയ്ക?

അച്ചന് ഒരു ബുദ്ധി തോന്നി. തൂപ്പുകാരൻ മാത്തുവിനെ വിളിച്ചു പറഞ്ഞു: എടാ മാത്തു, ഞാൻ നടുവേദനയ്ക്കു വാങ്ങിയ കുഴമ്പ് ബാക്കിവന്നതു ബാത്ത് റൂമിലിരിപ്പുണ്ട്. എന്റെ നടുവേദന മാറി; നിനക്കു വേണമെങ്കിൽ കൊണ്ടുപൊയ്ക്കോ...! മാത്തു സന്തോഷപൂർവം കുപ്പിയെടുത്തു പുറത്തിറങ്ങി. മണത്തുനോക്കിയപ്പോഴാണു വിവരം മനസ്സിലായത്. ഈ വാർത്ത കൈക്കാരന്മാരോടു പറഞ്ഞു. ഏതായാലും ആ വാർത്തയും വൈറലായി. അച്ചൻ ഒരു വിധത്തിൽ രക്ഷപ്പെട്ടു.

ഒരു മാസം കഴിയുന്നതിനു മുമ്പ് ഇതാ, അടുത്ത പിതൃരഹിതലഘുലേഖ: “കൗൺസലിങ്ങിന്റെ പേരിൽ പള്ളിമേടയിൽ അനാശാസ്യം!” അതിന്റെ വിതരണവും ഞായറാഴ്ചതന്നെ! അച്ചൻ ആകെ വിഷമിച്ചു. അഭിവന്ദ്യപിതാവിനോടു പറഞ്ഞു സ്ഥലംമാറ്റം വാങ്ങിയാലോ... പതിവിൻപടി അച്ചൻ പള്ളിയിൽ കയറി ഒരു മണിക്കൂർ ആരാധന നടത്തി.

ഇറങ്ങി വന്നപ്പോൾ ഫോൺ ബെല്ലടിക്കുന്നതുകേട്ടു ചെന്നു നോക്കി. ഈനാച്ചന്റെ ഭാര്യ ഈത്തമ്മയുടേതായിരുന്നു ഫോൺ. നിലവിളിച്ചുകൊണ്ടാണ് ഈത്തമ്മ സംസാരിക്കുന്നത്. ഈനാച്ചൻ അറ്റായ്ക്കായിട്ട് ഐസിയുവിലാണ്.

“അച്ചാ വേഗം വരണേ... വണ്ടി വിട്ടേക്കാം.”

“വേണ്ട. ഞാൻ ബൈക്കിനെത്തിക്കൊള്ളാം” അച്ചൻ ബൈക്ക് സ്റ്റാർട്ട് ചെയ്തു... നിമിഷങ്ങൾക്കകം ആശുപത്രിയിലെത്തി.

ഈത്തമ്മയും ഈപ്പച്ചനും ഐസിയുവിന്റെ പുറത്തിരിപ്പുണ്ട്.

“അച്ചോ, എങ്ങനെയെങ്കിലും ഒന്നു കുമ്പസാരിപ്പിക്കണേ...” അല്പം ആലോചിച്ചശേഷം അച്ചൻ നേരേ പോയി ഡോക്ടറെക്കണ്ടു വിവരം തിരക്കി. രക്ഷപ്പെടാനുള്ള ഒരു സാധ്യതയുമില്ല. ഡോക്ടർ തീർത്തുപറഞ്ഞു. അച്ചന് സന്ദർശിക്കാനുള്ള അനുവാദവും കൊടുത്തു. അകത്തു കടന്നു. അച്ചൻ ശാന്തമായി ഈനാച്ചനോടു സംസാരിച്ചു. “അന്ത്യകൂദാശയൊന്നും ഇപ്പോൾ വേണ്ടച്ചാ; അതിനൊന്നുമുള്ള സമയമായില്ല.”

“അന്ത്യകൂദാശയല്ല, രോഗീലേപനമാണ്; രോഗം സൗഖ്യമാകാനുള്ള പ്രാർഥനയാണ്. ഞാൻ കുമ്പസാരിപ്പിക്കട്ടെ. പരി. കുർബാന സ്വീകരിച്ച് നമുക്ക് ഒരുങ്ങിയിരിക്കാം.”

ഒരു വിധത്തിൽ സമ്മതിപ്പിച്ച്, കുമ്പസാരിപ്പിച്ച്, രോഗീലേപനവും കൊടുത്തു പുറത്തിറങ്ങി. അറിയിക്കാനുള്ളവരെയൊക്കെ അറിയിച്ചു കൊള്ളാൻ ഡോക്ടർ പറഞ്ഞിരുന്നു. രോഗിയുടെ അടുത്ത ബന്ധുക്കൾ മാത്രം അകത്തു കടന്നോളാൻ ഡോക്ടർ അനുവാദവും കൊടുത്തു. ഈത്തമ്മയും ഈപ്പച്ചനും ഈനാച്ചന്റെ പെങ്ങളും അകത്തു കയറി.


ഈപ്പച്ചൻ ചോദിച്ചു: “ഈനാച്ചാ, സീരിയസാണ്. എന്തെങ്കിലും ആഗ്രഹമുണ്ടോ?”

ഈനാച്ചൻ ആംഗ്യം കാണിച്ചു.

കാര്യം മനസ്സിലാക്കിയ ഈപ്പച്ചൻ ഓടി ഡോക്ടറുടെ അടുത്തെത്തി. അന്തിമാഭിലാഷം സാധിച്ചുകൊടുത്തോട്ടെ എന്നുചോദിച്ചു. ഡോക്ടർ അനുവദിച്ചു. ഈപ്പച്ചൻ ഓടിച്ചെന്ന് ഒരു സ്മോൾ പൊട്ടിച്ചു വായിൽ ഒഴിച്ചുകൊടുത്തു. അതിറക്കി... ഈനാച്ചൻ കണ്ണടച്ചു! പിന്നെ തുറന്നില്ല...!

ബാക്കി കാര്യങ്ങൾക്കെല്ലാം നേതൃത്വം വഹിച്ചത് ഈപ്പച്ചനാണ്. ഈപ്പച്ചൻ ‘സൂര്യോദയം’ പത്രത്തിന്റെ ഏജന്റിനെ വിളിച്ച്, വാർത്ത പത്രങ്ങൾക്കെല്ലാം കൊടുക്കാൻ പറഞ്ഞു. പിറ്റേന്ന് എല്ലാ പത്രങ്ങളിലും ഫോട്ടോയും വാർത്തയും വന്നു. വാർത്ത: “പ്രമുഖവ്യാപാരി ഇരുട്ടുകണ്ടത്തിൽ ഈനാച്ചൻ അന്ത്യത്തിനടുത്തതെല്ലാം സുബോധത്തോടെ സ്വീകരിച്ച് ഭാഗ്യമരണം പ്രാപിച്ചവിവരം ‘ഖേദപൂർവം’ അറിയിക്കുന്നു!

■




സെപ്റ്റംബർ 15
ഏലിയാ – സ്ലീവ – മൂശക്കാലം
നാലാം ഞായർ
(സ്ലീവാ ഒന്നാം ഞായർ)

സംഖ്യ 21:1–9
സഖ 10:8–12
ഗലാ 6:11–18
മത്താ 10:34–42

# സ്വന്തം കുരിശെടുത്ത് ഈശോയെ അനുഗമിക്കുക



ഫാ. ഡോ. തോമസ് വടക്കേൽ



സീറോമലബാർസഭയുടെ വിശുദ്ധ കുർബാനയിൽ 'മർമീസ' (സങ്കീർത്തനമാല) ആരംഭിക്കുന്നതിനു മുമ്പ് കാർമികൻ നടത്തുന്ന ഏലിയാ–സ്ലീവാ–മൂശക്കാലത്തിലെ പ്രാരംഭപ്രാർഥനയിൽ നാം ഇങ്ങനെ ശ്രവിക്കുന്നു: "ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, മിശിഹായുടെ മഹത്ത്വപൂർണമായ ആഗമനത്തെ കാത്തിരിക്കുന്ന ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. വിശുദ്ധകുരിശിന്റെ തണലിൽ അഭയം തേടാനും സ്വർഗത്തെ ലക്ഷ്യമാക്കി ജീവിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ..." മിശിഹായുടെ കുരിശിനെക്കുറിച്ചുള്ള ചിന്തകൾ വർധമാനമാകുന്ന ആരാധനക്രമകാലഘട്ടമാണിത്. മനുഷ്യവർഗത്തിനു രക്ഷയ്ക്കു കാരണമായ കുരിശിനെക്കുറിച്ചുള്ള ദർശനങ്ങളാണ് ഈ ആഴ്ചയിലെ വായനകളിലെല്ലാം നിറഞ്ഞുനിൽക്കുന്നത്.

ഒന്നാം വായനയിൽ, (സംഖ്യ 21:1–9) സർപ്പദംശനമേറ്റവർക്കു രക്ഷ നൽകാനായി മോശ ഉയർത്തിയ പിച്ചളസർപ്പത്തെക്കുറിച്ചും; രണ്ടാം വായനയിൽ (സഖ. 10:8–12), ഇസ്രയേലിനു പുതുജീവൻ നൽകുമെന്ന യഹോവയുടെ വാഗ്ദാനത്തെക്കുറിച്ചും; മൂന്നാം വായനയിൽ (ഗലാ. 6:11–18), കർത്താവിന്റെ കുരിശിലല്ലാതെ മറ്റൊന്നിലും തനിക്ക് അഭിമാനിക്കാൻ വകയില്ലെന്ന പൗലോസിന്റെ പ്രഘോഷണത്തെക്കുറിച്ചും; നാലാം വായനയിൽ (മത്താ. 10:34–42); കർത്താവിനെ അനുഗമിക്കുന്നവൻ സ്വന്തം കുരിശെടുത്ത് അവിടുത്തെ അനുഗമിക്കണമെന്ന ഈശോയുടെ പ്രബോധനത്തെക്കുറിച്ചും നാം ധ്യാനിക്കുന്നു.

**സംഖ്യ 21:1–9:** ഈജിപ്തിൽനിന്നുള്ള യാത്രയിൽ ഇസ്രയേൽജനതയ്ക്കു പലപ്പോഴും ആക്രമണങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. ഒരിക്കൽ കാനാന്യനായ ആരാദിലെ രാജാവ് ഇസ്രയേലിനെ ആക്രമിക്കുകയും യുദ്ധത്തിൽ കുറെയേറെപ്പേരെ തടവുകാരാക്കുകയും ചെയ്തു. എന്നാൽ, പിന്നീട് ഇസ്രയേൽജനം കാനാന്യരെയും അവരുടെ നഗരങ്ങളെയും ആക്രമിക്കുകയും നിശ്ശേഷം തകർക്കുകയും ചെയ്തു. 'നാശം' (destruction) എന്നർഥമുള്ള 'ഹോർമാ' (Hormah) എന്ന പേര് ആ സ്ഥലത്തിനു ലഭിക്കുകയും ചെയ്തു.

തങ്ങളുടെ ജീവിതയാത്രയിൽ ദൈവത്തിന്റെ ഇടപെടലുകൾ പലവേള ഉണ്ടായിട്ടുണ്ടെങ്കിലും ഇസ്രയേൽജനത അത് പലപ്പോഴും പൂർണമായി ഉൾക്കൊണ്ടിരുന്നില്ല. പ്രതിസന്ധികളിൽ അവർ അക്ഷമരാകാറുണ്ടായിരുന്നു. ഹീബ്രുഭാഷയിലെ 'ഖത്സർ' (qatsar) എന്ന പദത്തിന്റെ അർഥം 'to be impatient, be vexed' എന്നൊക്കെയാണ്. ജനത്തിന്റെ ശൈലി 'എതിർപ്പി'ന്റേ (opposition)താണ്: spoke against. ഗ്രീക്കുഭാഷ്യത്തിൽ 'കത്താലാലെയോ' (katalaleo) എന്ന ക്രിയാപദമാണ് ഉപയോഗിച്ചിരിക്കുന്നത്. 'അധിക്ഷേപിക്കുക, അപവദിക്കുക' (revile) എന്നൊക്കെയാണ് ഈ പദത്തിന്റെ അർഥം. ജനം ദൈവത്തോടും മോശയോടും എങ്ങനെ പ്രവർത്തിക്കുന്നുവെന്നാണ് ഇതു സൂചിപ്പിക്കുന്നത്.

ജനത്തിന്റെ പിറുപിറുപ്പിനും എതിർപ്പിനുമുള്ള ശിക്ഷ ആഗ്നേയസർപ്പങ്ങളുടെ ദംശനമാണ് (21:6). ദൈവത്തിന്റെ സൗജന്യദാനമായ മന്നായും ദാഹജലവുമെല്ലാം നിസാരങ്ങളായിക്കരുതി അവയെ പുച്ഛിച്ച ജനം തങ്ങൾക്കുള്ള ശിക്ഷ ചോദിച്ചുവാങ്ങുകയാണ്. 'Fiery serpent' എന്നത് ശിക്ഷയുടെ കാഠിന്യത്തെ സൂചിപ്പിക്കുന്നുണ്ട്. സർപ്പങ്ങളുടെ കടിയേറ്റ ജനത്തിന് ദേഹത്തുണ്ടായ പൊള്ളലും വീക്കവും വേദനയുമെല്ലാം അതിനെ കാഠിന്യമുള്ളതാക്കുന്നു. ധാരാളം പേരുടെ മരണത്തിനുപോലും ഈ സർപ്പദംശനം കാരണമായി.

തെറ്റു തിരിച്ചറിഞ്ഞ ജനം പശ്ചാത്താപവിവശരാകുന്നുണ്ട്: "അങ്ങേക്കും കർത്താവിനുമെതിരായി സംസാരിച്ചു ഞങ്ങൾ പാപം ചെയ്തു'' (21:7). 'ഹത്തെനു' (hatanu) - 'we have sinned' എന്ന ജനത്തിന്റെ രോദനം ദൈവത്തിൽനിന്ന് അകന്നതുവഴിയായി അവർക്കുണ്ടായ മുറിവിന്റെ ആഴത്തെ കാണിക്കുന്നു; ദൈവത്തിൽനിന്ന് അവർ അകലേക്കു നീങ്ങിപ്പോയതിനെ സൂചിപ്പിക്കുന്നു. ശിക്ഷയിൽ ഇളവു ചോദിക്കുന്ന ജനം തിരിച്ചുവരവിന്റെ പാതയിലാണ്. കർത്താവിൽനിന്ന് അകലേക്കു പോയവർ അവിടുത്തെ പക്കലേക്കു തിരിച്ചുവരികയാണ്.

കർത്താവ് മോശയോട് അരുൾ ചെയ്തു: "ഒരു പിച്ചളസർപ്പത്തെ ഉണ്ടാക്കി അതിനെ വടിയിൽ ഉയർത്തിനിർത്തുക. ദംശനമേൽക്കുന്നവർ അതിനെ നോക്കിയാൽ മരിക്കുകയില്ല'' (21:8). ഇതൊരു അടയാളമാണ്. ജനത്തിന്റെ അവിശ്വസ്തതയുടെയും അസഹിഷ്ണുതയുടെയും പ്രതീകമാണത്. അവരുടെ തെറ്റിനെക്കുറിച്ചുള്ള ഓർമപ്പെടുത്തലാണ്. പശ്ചാത്തപിച്ച് തിരികെ വരാനുള്ള ക്ഷണത്തിന്റെ അടയാളമാണ്. അവർക്കു ജീവൻ തിരികെ ലഭിക്കുന്ന രക്ഷയുടെ 'symbol' ആണ്. പാപത്തിൽനിന്നു മനുഷ്യവർഗത്തിനു രക്ഷ പ്രദാനം ചെയ്യാനായി കുരിശിൽ ഉയർത്തപ്പെട്ട ഈശോയുടെ പ്രതീകമാണിത്.

**സഖറിയ 10:8–12:** പുറജാതികളുമായുള്ള ബന്ധത്തിൽ വന്ന ഇസ്രയേൽജനം യഥാർഥ ദൈവമായ യഹോവയിൽനിന്ന് അകന്നുപോകാനിടയായി. 'തെറഫിം' (terephim) – കുലദൈവങ്ങളുടെ വിഗ്രഹങ്ങളിലേക്കും, പ്രതിഷ്ഠകളിലേക്കുമൊക്കെ അവർ ആകൃഷ്ടരായി. ഇസ്രയേൽജനതയുടെ വഴിതെറ്റിയുള്ള പ്രവർത്തനങ്ങൾ അവരെ ദൈവകോപത്തിനിരയാക്കി. അവർക്കു ജീവിതത്തിൽ 'ദൈവിക ഇടപെടൽ' നഷ്ടമായിക്കൊണ്ടിരുന്നു. ഈ സാഹചര്യത്തിൽ അവരെ വീണ്ടെടുക്കാൻ ദൈവം ആഗ്രഹിക്കുന്നുണ്ട്. അവരെ പുനരുദ്ധരിക്കുകയും ബലപ്പെടുത്തുകയും ചെയ്യുമെന്ന് യഹോവ ഇവിടെ വാഗ്ദാനം ചെയ്യുന്നു.

"ഞാൻ അവരെ അടയാളം നൽകി ഒരുമിച്ചുകൂട്ടും. ഞാൻ അവരെ വീണ്ടെടുത്തിരിക്കുന്നു..." (10:8). ഗ്രീക്കുഭാഷയിലെ 'എയ്ദേഖോമായ്' (eisdechomai) എന്ന ക്രിയാപദത്തിന്റെ അർഥം receive, welcome, gather' എന്നൊക്കെയാണ്. തിരികെവരുന്നവനെ ദൈവം സ്വീകരിക്കും. അവനു രക്ഷ പ്രദാനം ചെയ്യും. ദൈവം പറയുന്നത് അവിടുന്ന് അവരെ രക്ഷിച്ചു എന്നാണ്. I have redeemed them. ഗ്രീക്കിലെ 'ലുത്രോ' (lutroo) എന്ന പദത്തിന്റെ അർഥം 'redeem, deliver' എന്നാണ്. ഇതൊരു വിമോചനമാണ്.

ജനം ദൈവത്തെ അനുസ്മരിക്കും എന്നതാണ് അവിടുത്തെ പ്രതീക്ഷ. 'They shall remember me'– ദൈവത്തിന്റെ പ്രവൃത്തികളെ വിലമതിക്കേണ്ടവരാണ് ദൈവമക്കൾ. അവർക്ക് 'ദൈവസ്മരണ' ഉണ്ടാകണം. ഈ 'ഓർമ' (remembrance) ഇല്ലാത്തയിടങ്ങൾ ശിക്ഷാവിധിയുടെ ഇടങ്ങളായി മാറും.

**ഗലാത്തിയ 6:11–18:** എല്ലാ കത്തുകളുടെയും അവസാനഭാഗത്ത് പൗലോസ് ശ്ലീഹാ നിർദേശങ്ങൾ നൽകാറുണ്ട്. ദൈവശാസ്ത്രവീക്ഷണങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള പ്രായോഗികനിർദേശങ്ങളാണ് സഭകൾക്കും വ്യക്തികൾക്കും പൊതുവെ നൽകാറുള്ളത്. ഗലാത്തിയായിലെ സഭയിലെ ചില എതിർപ്പുകളുടെയും, പരിച്ഛേദനവാദികളുടെ പിടിവാശികളുടെയും പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് പൗലോസ് ഇവിടെ സംസാരിക്കുന്നത്.

ആന്തരികകാര്യങ്ങളിൽ (spiritual) ശ്രദ്ധ ചെലുത്താത്തവർ ശാരീരികമായ ബാഹ്യകാര്യങ്ങളിൽ (physical / external) താത്പര്യം പുലർത്തുന്നുവെന്നും അവർ പരിച്ഛേദനത്തിന് ആളുകളെ നിർബന്ധിക്കുന്നുവെന്നും പൗലോസ് ഇവിടെ വ്യക്തമാക്കുകയാണ്. ഇക്കൂട്ടർ മേന്മ ഭാവിക്കുന്നത് അവരുടെ ശരീരത്തിലാണ് – തങ്ങൾ പരിച്ഛേദിതരാണെന്നും അക്കാരണത്താൽത്തന്നെ തങ്ങൾ 'രക്ഷ' പ്രാപിച്ചവരാണെന്നുമാണ് ഇവരുടെ ചിന്താഗതി. ഇതു ശരിയായ കാഴ്ചപ്പാടല്ല എന്നു പറയുന്ന പൗലോസ് പരിച്ഛേദനവാദികളെ ഇവിടെ തിരുത്തുന്നുമുണ്ട്.

അഭിമാനിക്കുന്നവൻ കർത്താവിന്റെ കുരിശിലാണ് അഭിമാനിക്കേണ്ടതെന്ന് പൗലോസ് പഠിപ്പിക്കുന്നു. ഗ്രീക്കുഭാഷയിലെ 'കൗക്കയോമായ്' (kauchaomai) എന്ന പദത്തിന്റെ അർഥം, 'boast, rejoice, exault' എന്നൊക്കെയാണ്. നമ്മുടെ യഥാർഥസന്തോഷം 'ക്രിസ്തുവിന്റെ കുരിശി'ലാണ്. ഈ കുരിശ് രക്ഷയുടെ അടയാളമാണ്. ശാരീരികപരിച്ഛേദനമല്ല; മറിച്ച്, മിശിഹായോടുള്ള, കർത്താവിന്റെ കുരിശിനോടുള്ള ഒരുവന്റെ ആഭിമുഖ്യമാണ് അവനു സന്തോഷം പ്രദാനം ചെയ്യുന്നത്.

ഗലാത്തിയായിലെ സഭാമക്കളോടുള്ള പൗലോസിന്റെ ആഹ്വാനം ഒരു 'പുതിയ സൃഷ്ടിയാവുക' (a new creation) എന്നതാണ്. ഇതാണ് 'പുതിയനിയമം.' ശാരീരികപരിച്ഛേദനം 'പഴയനിയമം' ആണ്. ഹൃദയത്തിന്റെ പരിച്ഛേദനത്തെയാണ് 'new creation' ഉദ്ദേശിക്കുന്നത്. ഇതു സാധ്യമാകുന്നത് മാമ്മോദീസായിലൂടെയാണ്. ഇനിമുതൽ ഈശോമിശിഹായിൽ വിശ്വസിച്ച് ജ്ഞാനസ്നാനം സ്വീകരിക്കുന്നവർക്കാണു 'രക്ഷ' എന്ന് പൗലോസ് അവതരിപ്പിക്കുകയാണിവിടെ.

**മത്തായി 10:34–42:** തന്റെ യാത്രകളിലുടനീളം ഈശോ ദൈവരാജ്യത്തെക്കുറിച്ചു പ്രഘോഷിച്ചു. ദൈവരാജ്യസന്ദേശം ഏറെപ്പേർ സ്വീകരിക്കുകയും ദൈവരാജ്യത്തിന്റെ നീതി തങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്തു. എന്നാൽ, കുറെയേറെ ആളുകൾ ഈ സന്ദേശത്തെ തിരസ്കരിക്കുകയും എതിർക്കുകയും ചെയ്തു. ഈശോയെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും തമ്മിൽ കുടുംബങ്ങളിൽ ഭിന്നതകൾ രൂപപ്പെട്ടു.

ഈ സാഹചര്യത്തിൽ ഈശോ തന്റെ വരവിനെക്കുറിച്ചു പറയുകയാണ്. ഈശോയെ പൂർണമായും അംഗീകരിക്കാത്തതിനാൽ 'സമാധാന'ത്തിനുപകരം പല ഭവനങ്ങളിലും 'ഭിന്നതകൾ' ഉടലെടുത്തു. ഈശോ കൊണ്ടുവന്ന 'വാൾ' ഒരു പ്രതീകമാണ്. ഈശോയെച്ചൊല്ലി കുടുംബങ്ങളിൽ രൂപംകൊണ്ട വിഭാഗീയതയാണിത്. സ്വന്തം കുടുംബത്തിൽപ്പെട്ടവർതന്നെ ശത്രുക്കളായി മാറുന്ന ഒരു സ്ഥിതിവിശേഷം സംജാതമായി.

കുടുംബബന്ധങ്ങൾ ഈശോയോടുള്ള ബന്ധത്തിന് യാതൊരു വിധത്തിലും തടസ്സമാകാൻ പാടില്ലായെന്ന വസ്തുതയും ഈശോ ഇവിടെ പഠിപ്പിക്കുന്നുണ്ട്. മിശിഹായോടുള്ള ഒരുവന്റെ 'വിശ്വസ്തത'യെക്കുറിച്ചാണ് ഇതു പറയുന്നത്. ക്രിസ്ത്യാനിയുടെ ജീവിതത്തിന്റെ 'priority' മിശിഹാതന്നെയാണ്. മാതാപിതാക്കളെ സ്നേഹിക്കേണ്ടതില്ല എന്ന് ഒരിക്കലും ഈ വചനം അർഥമാക്കുന്നില്ല. മിശിഹായോടുള്ള ഒരുവന്റെ യഥാർഥ സ്നേഹം പ്രകടമാകേണ്ടത് മാതാപിതാക്കന്മാരോടും സഹോദരങ്ങളോടുമുള്ള സ്നേഹബന്ധത്തിലൂടെയാണ്.


ക്രിസ്ത്യാനിയുടെ ജീവിതം 'കുരിശി'ന്റെ ജീവിതമാണ്. ഓരോ വ്യക്തിയും തന്റെ ജീവിതത്തിന്റെ നുകം വഹിക്കേണ്ടതുണ്ട്. മതപീഡനത്തിന്റെ പശ്ചാത്തലത്തിൽ ആദിമസഭാമക്കൾക്ക് ഈ വചനം ഗ്രഹിക്കാൻ എളുപ്പമാണ്. വിശ്വാസപ്രതിസന്ധി ഉടലെടുക്കുമ്പോൾ, കുരിശിനെ ഉപേക്ഷിച്ചുപോകുമ്പോൾ അവർ നിത്യജീവൻ കരഗതമാക്കുന്നില്ല; എന്നാൽ മിശിഹായ്ക്കുവേണ്ടി ഒരുവൻ 'രക്തസാക്ഷിത്വം' വഹിക്കുമ്പോൾ അവൻ സ്വർഗത്തിൽ തന്റെ ജീവൻ കണ്ടെത്തും. അതു നിത്യജീവനാണ്, നിത്യരക്ഷയാണ്.

■

അനുഭവങ്ങളേ നന്ദി

# അതു റേഡിയോനാടകങ്ങളുടെ കാലം





**സി. എൽ. ജോസ്**

**കേ**രളത്തിൽ ടെലിവിഷന്റെ ആവിർഭാവത്തിനുമുമ്പ് കുടുംബസദസ്സുകളുടെ ഏറ്റവും വലിയ വിനോദോപാധി റേഡിയോനാടകങ്ങളായിരുന്നു. പതിനഞ്ചും മുപ്പതും അറുപതും മിനിറ്റുകൾ ദൈർഘ്യമുള്ള റേഡിയോനാടകങ്ങൾ കേരളത്തിലെ ആകാശവാണിനിലയങ്ങൾ തുടരെത്തുടരെ പ്രക്ഷേപണം ചെയ്തിരുന്നു. അവയ്ക്കെല്ലാം മകുടം ചാർത്തിക്കൊണ്ട് വർഷംതോറും ആകാശവാണിനിലയങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ റേഡിയോനാടകവാരവും നടത്തിയിരുന്നു. ആദ്യകാലത്തു തിരുവനന്തപുരത്തും കോഴിക്കോട്ടും മാത്രമേ റേഡിയോസ്റ്റേഷനുണ്ടായിരുന്നുള്ളൂ.

നാടകവാരം മലയാളിക്കുടുംബങ്ങളെ സംബന്ധിച്ച് ഒരു നാടകോത്സവംതന്നെയായിരുന്നു. പ്രശസ്തരായ എഴുത്തുകാർ എഴുതി, പേരെടുത്ത നടീനടന്മാർ അഭിനയിക്കുന്ന നാടകങ്ങൾ. അവ കേൾക്കാൻ ജനങ്ങൾക്ക് എന്തൊരു ഹരവും ആവേശവുമായിരുന്നു! രാത്രി 9.30 ന് ആരംഭിക്കുന്ന നാടകങ്ങൾ ആസ്വദിക്കാൻ വീട്ടമ്മമാരും കുടുംബാംഗങ്ങളും വീട്ടുജോലികളും പ്രാർഥനകളും മറ്റും നേരത്തേതന്നെ തീർത്ത് റേഡിയോയുടെ മുമ്പിൽ കാതുകൂർപ്പിച്ചിരിക്കും.

ഞാൻ സ്റ്റേജുനാടകങ്ങൾ എഴുതിത്തുടങ്ങിയത് 1956 ലാണെങ്കിലും ആദ്യമായി റേഡിയോനാടകമെഴുതിയത് 1964 ലാണ്. ഒരു ദിവസം തൃശൂർ മംഗളോദയത്തിൽവച്ച് പ്രസിദ്ധ എഴുത്തുകാരനും നാടകകൃത്തുമായ തിക്കോടിയനെ പരിചയപ്പെട്ടു. അന്നു തിക്കോടിയൻ കോഴിക്കോട് ആകാശവാണിയിൽ ഡ്രാമാ പ്രൊഡ്യൂസറും സംവിധായകനുമാണ്. തൃശൂരും മറ്റു പ്രദേശങ്ങളും അന്നു കോഴിക്കോട് നിലയത്തിന്റെ കീഴിലാണ്. തിക്കോടിയൻ ആവശ്യപ്പെട്ടു: "ജോസ് റേഡിയോയ്ക്കുവേണ്ടി ഒരു നാടകം എഴുതി അയച്ചുതരൂ!

"റേഡിയോ നാടകമെഴുതാൻ എനിക്കറിയില്ല, പരിചയമില്ല."

"അത്ര വലിയ പരിചയമൊന്നും വേണ്ട. ഒരു കാര്യം മനസ്സിലാക്കിയാൽ മതി. സ്റ്റേജുനാടകത്തിൽ കഥാപാത്രങ്ങൾ രംഗത്തുവന്ന് അഭിനയിക്കുന്നു. സംഭാഷണം നടത്തുന്നു. ജനങ്ങൾ കാണുന്നു. എന്നാൽ, റേഡിയോനാടകത്തിൽ കഥാപാത്രങ്ങൾ അദൃശ്യരായി നിന്നുകൊണ്ട് സംഭാഷണം നടത്തുന്നു. ജനങ്ങൾ കേൾക്കുന്നു. ശബ്ദവൈവിധ്യംകൊണ്ടു കഥാപാത്രങ്ങളെ നമ്മൾ തിരിച്ചറിയുന്നു. ഇതു മനസ്സിൽ വച്ച് എഴുതിയാൽ മതി" തിക്കോടിയൻ എനിക്ക് ആത്മവിശ്വാസം പകർന്നുതന്നു.

ഞാൻ നാടകം ചിന്തിക്കാൻ തുടങ്ങി. റേഡിയോനാടകത്തിൽ ശബ്ദംകൊണ്ട് എല്ലാം മനസ്സിലാവണം. കഥാപാത്രങ്ങൾ ഉള്ളിൽ പതിയണം. ഇതിവൃത്തം മനസ്സിൽ വിരിയണം. ചുരുക്കത്തിൽ, സ്റ്റേജിൽ കാണുന്ന നാടകത്തിന്റെ പ്രതീതി ജനങ്ങളിൽ ജനിപ്പിക്കണം. സ്റ്റേജിലെ നാടകം കണ്ണുകൊണ്ടും മനസ്സുകൊണ്ടും നമ്മൾ ആസ്വദിക്കുമ്പോൾ, റേഡിയോനാടകം ചെവികൊണ്ടും മനസ്സുകൊണ്ടുമാണ് ആസ്വദിക്കുന്നത്.


'ഒരു ചിത്രം പൂർത്തിയായി' എന്ന അരമണിക്കൂർനാടകം എഴുതിയതോടെ എന്റെ ആദ്യ റേഡിയോനാടകം പൂർത്തിയായി. ദരിദ്രനായ ഒരു ചിത്രകാരന്റെ ഹൃദയസ്പർശിയായ കഥ. തിക്കോടിയന്റെ സംവിധാനത്തിൽ അതു പ്രക്ഷേപണം ചെയ്യപ്പെട്ടു. തുടർന്നു 'ശപഥം' എന്ന ചെറിയ നാടകം അയച്ചുകൊടുത്തു. അങ്ങനെ ചെറുതും വലുതുമായ ധാരാളം റേഡിയോനാടകങ്ങൾ കോഴിക്കോട് നിലയം പ്രക്ഷേപണം ചെയ്തു. 1968 വരെ ആ ബന്ധം തുടർന്നു. പിന്നീട് തൃശൂർ തിരുവനന്തപുരം നിലയത്തിന്റെ പരിധിയിലായി.

തിരുവനന്തപുരം ആകാശവാണിയിലെ നാടകസംവിധായകനും ഡ്രാമാ പ്രൊഡ്യൂസറുമായിരുന്നു ടി.എൻ. ഗോപിനാഥൻ നായർ. ധാരാളം സ്റ്റേജുനാടകങ്ങളുടെയും എണ്ണമറ്റ റേഡിയോനാടകങ്ങളുടെയും കർത്താവാണദ്ദേഹം. 1958 ൽ തിരുവനന്തപുരം ആകാശവാണിയിൽ നിയമിതനായ അദ്ദേഹം നീണ്ട ഇരുപതു വർഷക്കാലം ഡ്രാമാ പ്രൊഡ്യൂസറായും സംവിധായകനായും സേവനമനുഷ്ഠിച്ചു. ഈ കാലയളവിൽ അദ്ദേഹം ആകാശവാണിയുടെ നാടകപരിപാടികളിൽ വരുത്തിയ പുതുമകളും പരിഷ്കാരങ്ങളും ഏറെ ശ്ലാഘനീയമാണ്. കേരളത്തിൽ ആദ്യമായി റേഡിയോ നാടകവാരം സംഘടിപ്പിച്ചത് ടി.എൻ. ആയിരുന്നു. അതിൽ ഒരു നാടകത്തിൽ അക്കാലത്തെ പ്രസിദ്ധ സിനിമാതാരങ്ങളെയും പങ്കെടുപ്പിച്ചിരുന്നു. തുടർനാടകപരിപാടി (ഫാമിലി സീരിയൽ) ആകാശവാണിയിൽ തുടങ്ങിവച്ചതും ടി.എൻ. ഗോപിനാഥൻനായരാണ്.

ടി.എൻ. ഗോപിനാഥൻനായരും ഞാനും തമ്മിലുള്ള ബന്ധം ആരംഭിക്കുന്നത് 1960 കളിലാണ്. സ്നേഹസമ്പന്നനും പരമസാത്വികനും വിനയാന്വിതനുമായ അദ്ദേഹം എന്നെ ഒരനുജനെപ്പോലെയും സഹോദരനെപ്പോലെയും സുഹൃത്തിനെപ്പോലെയുമാണ് കണ്ടത്. എന്റെ ഏറെ പ്രസിദ്ധമായ 'മണൽക്കാട്' നാടകം വായിച്ച് അഭിപ്രായം അറിയിക്കണമെന്നഭ്യർഥിച്ചുകൊണ്ട് 1968 ൽ ഞാനദ്ദേഹത്തിന് അയച്ചുകൊടുത്തു. വായിച്ചിട്ടു നല്ല അഭിപ്രായം കുറിച്ചെന്നു മാത്രമല്ല, അത് ഒരു മണിക്കൂറിന്റെ റേഡിയോനാടകമാക്കി അയച്ചുകൊടുക്കാൻ എന്നോടാവശ്യപ്പെടുകയും ചെയ്തു.

രണ്ടരമണിക്കൂറിന്റെ സ്റ്റേജുനാടകമാണ്. അത് ഒരു മണിക്കൂറിന്റെ റേഡിയോനാടകമാക്കി രൂപാന്തരപ്പെടുത്തണം. വളരെ സൂക്ഷ്മതയോടെ ചെയ്യേണ്ട ശ്രമകരമായ ജോലി.

നാടകത്തെ പ്രേക്ഷകന്റെ ലോകത്തുനിന്ന് ശ്രോതാക്കളുടെ ലോകത്തേക്കു മാറ്റണം. സ്റ്റേജുനാടകത്തിൽ കഥാപാത്രങ്ങളുടെ അഭിനയം, ഭാവപ്രകടനങ്ങൾ, അമർഷം, പൊട്ടിത്തെറി, പൊട്ടിക്കരച്ചിൽ എന്നിവയെല്ലാം നേരിട്ടുകാണുന്നു. എന്നാൽ, റേഡിയോനാടകത്തിൽ ഒന്നും കാണാനില്ല. കഥാപാത്രങ്ങളുടെ ശബ്ദംമാത്രം. സ്റ്റേജിൽ കാണുമ്പോഴുണ്ടാകുന്ന ആനന്ദവും അനുഭൂതിയും കേൾവിയിലൂടെ ശ്രോതാവിനു ലഭിക്കണം. കഥാപാത്രങ്ങളെ കാണുന്ന പ്രതീതി മനസ്സിൽ ജനിപ്പിക്കണം. അവരുടെ വികാരങ്ങളിൽ പങ്കുകൊള്ളാൻ കഴിയണം. ശബ്ദവ്യത്യാസംകൊണ്ടു കഥാപാത്രങ്ങളെ തിരിച്ചറിയണം. ചുരുക്കത്തിൽ, റേഡിയോനാടകത്തിൽ ചെവിയാണ് കണ്ണ്.



തിക്കോടിയൻ



ടി.എൻ. ഗോപിനാഥൻനായർ

ആവശ്യപ്പെട്ടതുപോലെ ഒരു മണിക്കൂർ നാടകമാക്കി 'മണൽക്കാട്' ടി.എൻ. ന് അയച്ചുകൊടുത്തു. അദ്ദേഹം അത് ആ വർഷത്തെ റേഡിയോ നാടകവാരത്തിൽ ഉൾപ്പെടുത്തി പ്രക്ഷേപണം ചെയ്തു. റേഡിയോയിൽ വരുന്ന എന്റെ ആദ്യത്തെ സമ്പൂർണനാടകം!

അഭിനയിക്കാനുള്ള വാസന എനിക്കു ചെറുപ്പംമുതലേ ഉള്ളതിനാലും സ്റ്റേജുനാടകങ്ങളിൽ പലതിലും അഭിനയിച്ചതുകൊണ്ടും ഞാനെഴുതി സംവിധാനം ചെയ്യുന്ന നാടകങ്ങളിൽ ഭേദപ്പെട്ട ഏതെങ്കിലും റോളിൽ ഞാൻ പ്രത്യക്ഷപ്പെടുന്നതുകൊണ്ടും റേഡിയോനാടകത്തിലും അഭിനയിച്ചാൽ കൊള്ളാമെന്നു മോഹമുണ്ടായി. അതിന് ആകാശവാണിയുടെ ഓഡിഷൻ ടെസ്റ്റ് (ശബ്ദപരിശോധന) പാസ്സാവണം.

ടി.എൻ. ഗോപിനാഥൻനായർക്കു കത്തെഴുതി എന്റെ ഇംഗിതം അറിയിച്ചു. ഓഡിഷൻ ടെസ്റ്റു നടക്കുന്ന സമയമാകുമ്പോൾ അറിയിക്കാമെന്നും പൂരിപ്പിച്ചയയ്ക്കേണ്ട ഫോറങ്ങൾ യഥാസമയം അയച്ചുതരാമെന്നും മറുപടി വന്നു.

ടെസ്റ്റിന്റെ സമയം വന്നപ്പോൾ എനിക്കയച്ചു തന്ന ഫോറം പൂരിപ്പിച്ച് ആകാശവാണിക്ക് അയച്ചുകൊടുത്തു. ആഴ്ചകൾക്കുശേഷം ഓഡിഷൻ ടെസ്റ്റിന് തിരുവനന്തപുരംനിലയത്തിലേക്കു ക്ഷണിച്ചുകൊണ്ടു കത്തുവന്നു.

ഞാൻ ആകാശവാണിയിൽ ചെല്ലുമ്പോൾ അവിടത്തെ രംഗം കണ്ട് അമ്പരന്നുപോയി. ഒട്ടനവധി യുവതികളും യുവാക്കളും എത്തിയിട്ടുണ്ട്. എല്ലാവരും ഓഡിഷൻ ടെസ്റ്റിനു വന്നവർ. കൂട്ടത്തിൽ പ്രായക്കൂടുതൽ എനിക്കാണ്. അവരെന്നെ കൗതുകത്തോടെ നോക്കി.

"സാറ് എന്തിനാ വന്നിരിക്കുന്നത്?" ഒരു യുവാവിന്റെ ചോദ്യം.

"ഓഡിഷൻ ടെസ്റ്റിന്."

''എവിടന്നാ വരുന്നേ?''

തൃശൂർനിന്ന്."

"എന്താ പേര്?"

ഞാൻ നാടകകൃത്ത് സി. എൽ. ജോസാണെന്നറിഞ്ഞപ്പോൾ അവിടെ കൂടിയവർക്കെല്ലാം എന്തെന്നില്ലാത്ത വിസ്മയഭാവം. ഏതാണ്ടെല്ലാവരുംതന്നെ എന്റെ വിവിധ നാടകങ്ങളിൽ അഭിനയിച്ചവർ. എന്നെ മുമ്പു കാണാത്തവർ, അറിയാത്തവർ. പലരും അവർ അവതരിപ്പിച്ച എന്റെ നാടകത്തിന്റെയും കഥാപാത്രങ്ങളുടെയും പേരു പറഞ്ഞ് ആരാധനാഭാവത്തിൽ എന്റെ ചുറ്റുംകൂടി. എനിക്കതു സന്തോഷത്തിന്റെയും അഭിമാനത്തിന്റെയും നിമിഷങ്ങളായിരുന്നു.

മണിക്കൂറുകളുടെ കാത്തിരിപ്പിനുശേഷം ഓഡിഷൻ ടെസ്റ്റു കഴിഞ്ഞു ഞാൻ മടങ്ങി. ടെസ്റ്റിൽ പാസ്സായോ ഇല്ലയോ എന്ന വിവരം പോസ്റ്റലായി അയച്ചുതരുമെന്ന് ടി.എൻ. പറഞ്ഞു. രണ്ടാഴ്ചയ്ക്കകം, ടെസ്റ്റിൽ പാസ്സായി എന്നറിയിച്ചുകൊണ്ടുള്ള ആകാശവാണിയുടെ കത്തുവന്നു. ടെസ്റ്റു പാസ്സായിട്ട് ആദ്യം പങ്കെടുത്തതുതന്നെ 1969 ലെ നാടകവാരത്തിലെ ഒരു നാടകത്തിൽ. പൊൻകുന്നം വർക്കിയുടെ 'കതിരു കാണാക്കിളി' എന്ന നാടകം!

*(തുടരും)*

ശ്രേഷ്ഠമലയാളം

# ഒരേ കാര്യം ഒരു കാര്യംതന്നെ



**ഡോ. ഡേവിസ് സേവ്യർ**

'ഒരു' സംഖ്യാഭേദകവും ഒന്ന് അതിന്റെ നാമവുമാണ്. ഒരു എന്നതിനോട് ഏ (അവധാരകപ്രത്യയം) ചേർത്ത് ഒരേ എന്ന വാക്കു സൃഷ്ടിക്കാം. ഉറപ്പിച്ചു പറയേണ്ടിവരുന്ന സന്ദർഭങ്ങളിലാണ് ഏ ചേർക്കുന്നത്. ഒരു + ഏ = ഒരേ. അതിന് ഒന്നു മാത്രമായ, അതുതന്നെയായ എന്നൊക്കെയാണർഥം. അവധാരകപ്രത്യയമായ 'ഏ' പദാന്തത്തിൽ ചേർത്തുകഴിഞ്ഞാൽപ്പിന്നെ 'തന്നെ' ആവശ്യമില്ല. തന്നെ എന്നതാകട്ടെ, ഏതെങ്കിലും കാര്യം ഉറപ്പിച്ചുപറയേണ്ടിവരുന്ന സന്ദർഭത്തിൽ ചേർക്കുന്ന, താൻ എന്ന സ്വവാചിസർവനാമത്തിന്റെ പ്രതിഗ്രാഹികാവിഭക്തിരൂപമാണ്. ആയതിനാൽ 'ഏ' കാരവും 'തന്നെ' യും ഒരു പദത്തോടു ചേർത്താൽ പുനരുക്തി എന്ന ദോഷം വരും. അപ്പോൾ ഒരേ കഴിഞ്ഞ് 'തന്നെ' വരുന്നത് അധികപ്പറ്റാണ്. ഒരേകാര്യം എന്നു മതി. ഒരേ എന്ന വാക്കിനുപകരം ഒരു എന്ന വാക്കാണ് ഉപയോഗിക്കുന്നതെങ്കിൽ 'തന്നെ' ചേർക്കാം. അതായത്, ഒരു കാര്യം തന്നെ എന്ന പ്രയോഗമാകാം."* ഒന്നുകിൽ ഒരേകാര്യം അല്ലെങ്കിൽ ഒരു കാര്യംതന്നെ. അതാണ് നല്ല മലയാളത്തിന്റെ രീതി.

സംഖ്യകൾ വീതം ചേർത്തു പ്രയോഗിക്കുന്നതു സംബന്ധിച്ചും ചില നിബന്ധനകൾ ഉണ്ട്. ഓരോ കഴിഞ്ഞ് വീതം ചേർക്കുന്നതും നന്നല്ല. ഓരോ പ്രതി വീതം നൽകി എന്നതിനു പകരം ഓരോ പ്രതി നൽകി എന്നതാകുന്നതാണ് നല്ല മലയാളം. ഇവിടെയും ഓരോ എന്ന വാക്കിനു പകരം ഒരു ആണെങ്കിൽ ഒരു പ്രതിവീതം നൽകി എന്ന പ്രയോഗമാകാം. "ഓളം, അടുപ്പിച്ച് മുതലായ ഗതികൾക്കും ഏതാണ്ട്, ഉദ്ദേശം മുതലായ വിശേഷണങ്ങൾക്കും ഒരേ അർഥമാണ്. അതിനാൽ 'ഏതാണ്ട് പതിനഞ്ചോളം ആളുകൾ', 'ഉദ്ദേശം പത്തുമണി അടുപ്പിച്ച്' ഇവ ശരിയല്ല. ഏതാണ്ട് പതിനഞ്ച് ആളുകൾ, പതിനഞ്ചോളം ആളുകൾ, ഉദ്ദേശം പത്തുമണിക്ക്, പത്തുമണി അടുപ്പിച്ച് ഇവ കൊള്ളാം.** ഈ പ്രവണതയ്ക്കും സാങ്കേതികമായി പൗനരുക്ത്യം എന്നു പറയുന്നു. ആവശ്യമില്ലാത്ത വീണ്ടുപറച്ചിൽ എന്നാണ് ഇതിന്റെ അർഥം. ഇത്തരം പ്രയോഗങ്ങൾ കണക്കില്ലാത്ത തെറ്റുകൾ ഭാഷയിൽ വരുത്തിക്കൂട്ടുന്നു.

* ഗോപാലകൃഷ്ണൻ, നടുവട്ടം, ഡോ. ഭരണഭാഷ അകവും പുറവും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2019, പുറം – 18.

** നമ്പൂതിരി, ഇ.വി.എൻ, കേരളഭാഷാവ്യാകരണം, ഡി.സി. ബുക്സ്, കോട്ടയം, 2005, പുറം–194.



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# ഹേമകമ്മിറ്റി റിപ്പോർട്ടിലെ വെളിപാടുകൾ

നേർമൊഴി

**ജ**സ്റ്റീസ് ഹേമ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ചുള്ള ചർച്ചകൾ അവസാനിച്ചിട്ടില്ല. മാധ്യമചർച്ച ഇപ്പോൾ രാഷ്ട്രീയചർച്ചയായി പരിണമിച്ചിരിക്കുന്നു. നടികൾ ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ചുള്ള അന്വേഷണം ആരംഭിച്ചു കഴിഞ്ഞു. ഇനിയുണ്ടാകേണ്ടത് മുഖം നോക്കാതെയുള്ള നടപടികളാണ്. താരപദവിയും രാഷ്ട്രീയചായ്‌വും പരിഗണിക്കാതെ കുറ്റക്കാരെ ശിക്ഷിക്കാൻ തയ്യാറായാൽ താരരാജപദവി ലഭിക്കാൻ പോകുന്നത് സർക്കാരിനുതന്നെയായിരിക്കും.

സ്ത്രീകൾക്കുനേരേയുള്ള അതിക്രമങ്ങൾ ആദ്യസംഭവമല്ല എന്നതുകൊണ്ട് ആ കുറ്റത്തിന്റെ ഗൗരവം കുറയുന്നില്ല. സ്ത്രീകൾ വീട്ടിലും തൊഴിലിടങ്ങളിലും പൊതുവിടങ്ങളിലും ചൂഷണം ചെയ്യപ്പെടുകയും അവമതിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്നതു സത്യമാണ്. സിനിമയിൽ സ്ത്രീകൾ നേരിടുന്ന വിവേചനങ്ങളും ചൂഷണങ്ങളും പരിശോധിക്കുന്നതിനും പ്രതിവിധികൾ നിർദേശിക്കുന്നതിനുമായി നിയോഗിക്കപ്പെട്ട കമ്മിറ്റിയാണ് ജസ്റ്റീസ് ഹേമയുടെ നേതൃത്വത്തിലുള്ളത്. പ്രശസ്ത നടി ശാരദ, മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥ കെ.ബി. വസന്തകുമാരി എന്നിവർ കമ്മിറ്റിയംഗങ്ങളാണ്. 2017 ലാണ് കമ്മിറ്റി രൂപീകൃതമായത്.

വൈകിയാണെങ്കിലും ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നതു നന്നായി. നാലരവർഷക്കാലം റിപ്പോർട്ട് സർക്കാരിന്റെ പെട്ടിയിൽ പൂട്ടിവച്ചിരുന്നു. പല ഭാഗത്തുനിന്നുമുണ്ടായ സമ്മർദങ്ങളെത്തുടർന്നാണ് ഇപ്പോൾ റിപ്പോർട്ട് പുറത്തുവന്നിട്ടുള്ളത്. ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് റിപ്പോർട്ടിലുള്ളത്. സിനിമാവ്യവസായത്തിൽ ചൂഷണങ്ങളുണ്ട്. ഇരകളും കവർച്ചക്കാരുമുണ്ട്. നടന്മാരും സംവിധായകരും പ്രൊഡ്യൂസർമാരും പ്രൊഡക്ഷൻ കൺട്രോളർമാരും സാങ്കേതികപ്രവർത്തകരും മറ്റ് ഇടനിലക്കാർ പോലും വേട്ടക്കാരുടെ പട്ടികയിലുണ്ട്.

ഹേമ കമ്മിറ്റി റിപ്പോർട്ട് കേരളസമൂഹത്തിനു വലിയ വെളിപാടായി മാറി. സിനിമ എന്ന മനംമയക്കുന്ന വെള്ളിവെളിച്ചത്തിനു പിന്നിൽ ഇരുട്ടറകളും പീഡനമുറികളുമുണ്ട്. സൗന്ദര്യത്തിന്റെ തിരശ്ശീലയ്ക്കുപിന്നിൽ വെള്ളയടിച്ച കുഴിമാടങ്ങളുണ്ട്. അസാധാരണമായ പ്രതിഭാവിലാസത്തിനു പിന്നിൽ ഏതു ഹീനപ്രവൃത്തികൾക്കും മടിക്കാത്ത മനുഷ്യമൃഗങ്ങളുണ്ട്. റിപ്പോർട്ടു പുറത്തുവന്നതോടെ പല പകൽമാന്യന്മാരുടെയും തനിനിറം വെളിച്ചത്തായി. പല ബിംബങ്ങളും വീണുടഞ്ഞു. കേരളീയരുടെ കപടസദാചാരത്തിന്റെ മുഖംമൂടി വലിച്ചു കീറപ്പെട്ടു. രാജാവ് നഗ്നനാണെന്നു ജനം തിരിച്ചറിഞ്ഞു. ഇതു കേരളീയർക്ക് അപമാനമാണെങ്കിലും തിരുത്താനും മെച്ചപ്പെടാനുമുള്ള അവസരം കൂടിയാണ്.

നടി ആക്രമിക്കപ്പെട്ട കേസിന്റെ പശ്ചാത്തലത്തിലാണ് ഹേമ കമ്മിറ്റി നിലവിൽവന്നത്. ജനപ്രീതിയുള്ള താരരാജാക്കന്മാരും കലയിലെയും സാങ്കേതികവിദ്യയിലെയും പ്രഗല്ഭരും ഒന്നിച്ചുപാർക്കുന്ന കൂടാരത്തിലേക്കു കടന്നുചെന്ന് അന്വേഷണറിപ്പോർട്ട് തയ്യാറാക്കാനുള്ള തീരുമാനം പ്രഖ്യാപിച്ച സർക്കാരിന്റെ നിശ്ചയത്തെ രാഷ്ട്രീയവ്യത്യാസങ്ങളുടെ പേരിൽ മാനിക്കാതിരിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല. പല വന്മരങ്ങളും കടപുഴകി വീഴുമെന്നു സർക്കാരിനറിയാമായിരുന്നിട്ടും അതിന്റെ ആഘാതങ്ങൾ ഏതായിരുന്നാലും അതിനെ നേരിടാമെന്ന് ആലോചിച്ചുറപ്പിച്ച സർക്കാർ നിലപാട് അംഗീകരിക്കപ്പെടേണ്ടതുതന്നെയാണ്.

നടി ആക്രമിക്കപ്പെട്ടപ്പോൾ സർക്കാർനിലപാട് സ്ത്രീപക്ഷമായിരുന്നില്ല എന്ന ആക്ഷേപത്തിന്റെ പേരിൽ നട്ടെല്ലുള്ള നടിമാർ ചേർന്നു രൂപീകരിച്ച ബദൽ സമിതിയാണ് ഡബ്ലിയു.സി.സി. (വുമൻ സിനിമ കളക്ടീവ്). അത് അതിജീവിതയ്ക്കു നീതികിട്ടാൻ വേണ്ടിയുള്ള അതിജീവനത്വരയുള്ള സഹപ്രവർത്തകരുടെ കൂട്ടായ്മയാണ്. ഹേമ കമ്മിറ്റി പ്രഖ്യാപിക്കാൻ ഡബ്ളിയു.സി.സി.യും പ്രേരണയായെന്ന കാര്യത്തിൽ സംശയമില്ല.




ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നപ്പോൾ പ്രതിക്കൂട്ടിലായത് അമ്മ എന്ന സിനിമാസംഘടനയാണ്. ഭാരവാഹിയാണെങ്കിലും അല്ലെങ്കിലും സിനിമാമേഖലയിലെ രാജാക്കന്മാർ മമ്മൂട്ടിയും മോഹൻലാലുംതന്നെ. അമ്മയിലെ അംഗങ്ങൾക്കെതിരേ അതിലെതന്നെ അംഗങ്ങളായിരുന്നവർ ഗുരുതരമായ വെളിപ്പെടുത്തലുകൾ നടത്തിയപ്പോൾ താരരാജാക്കന്മാർ പ്രതികരിക്കാൻ വൈകിയതു സംഘടനയ്ക്കു ക്ഷീണമായി. മലയാളസിനിമയിൽ പവർഗ്രൂപ്പ് ഇല്ലെന്ന് മമ്മൂട്ടിയും മോഹൻലാലും പറഞ്ഞത് വളരെ വൈകിയാണ്. ഹേമകമ്മിറ്റി സൂചന നൽകിയ പതിനഞ്ചംഗ പവർ കമ്മിറ്റിയാണ് സിനിമാവ്യവസായത്തെ നിയന്ത്രിക്കുന്നത് എന്നതാണ് ആക്ഷേപം. ഇംഗിതത്തിനു വഴങ്ങാത്തവർക്ക് അവസരങ്ങൾ നിഷേധിക്കുന്നതുമാത്രമല്ല, പവർഗ്രൂപ്പിനു വഴങ്ങാത്ത നടന്മാർക്കുപോലും വളരാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്ന അവസ്ഥയുണ്ട് എന്നും പറയപ്പെടുന്നു.

ഒരു തൊഴിലിടം എന്ന നിലയിൽ സിനിമയിൽ വിവേചനവും ചൂഷണവും പാടുള്ളതല്ല. തൊഴിൽസുരക്ഷ, അടിസ്ഥാന സൗകര്യങ്ങൾ, ന്യായമായ വേതനം, തൊഴിൽസമയക്രമം എന്നിങ്ങനെ എല്ലാ തൊഴിൽനിയമങ്ങളും സിനിമാമേഖലയിലും ബാധകമാണെങ്കിലും അതിന്റെ ഗുരുതരമായ ലംഘനം അവിടെ നടക്കുന്നുവെന്നാണ് റിപ്പോർട്ട്. സിനിമാമേഖലയുടെ ഒരു പരിമിതി അവകാശം പറഞ്ഞ് ആർക്കും അവസരം നേടാനാവുകയില്ലെന്നാണ്. യോഗ്യത നിശ്ചയിക്കുന്നത് സിനിമ പിടിക്കുന്നവർ തന്നെയാണ്. ഈ കഥാപാത്രത്തിന് ഇയാൾ വേണ്ട എന്നു തീരുമാനിച്ചാൽ ആർക്കും അതിനെ ചോദ്യം ചെയ്യാനാവുകയില്ല.

ഗുരുതരമായ ആരോപണങ്ങൾ ഉയർന്നിരിക്കേ, അമ്മസംഘടനയെ സമൂലം ശുദ്ധീകരിക്കേണ്ടതാവശ്യമാണ്. 'അമ്മ' എന്ന പേര് മനോഹരമാണ്. ആ പേരിന് കളങ്കം സംഭവിച്ചിരിക്കുന്നു. അമ്മ എന്നതിനു പകരം ഇന്ന് എ.എം.എം.എ. എന്നു മാറ്റിപ്പറയാൻ വിവേകമതികൾ തയ്യാറാകുന്നു.

മലയാളസിനിമ കോടികളുടെ ബിസിനസാകയാൽ ആ പണത്തിന്റെ സ്രോതസ്സുകൾ കണ്ടെത്തണം. വാരിക്കൂട്ടുന്ന ശതകോടികളുടെ വിശദാംശങ്ങൾ സർക്കാർ അറിയണം. ആ പണം എന്തിനൊക്കെ ഉപയോഗിക്കുന്നുവെന്നും കണ്ടെത്തണം. അതിനു പുറമേ സിനിമ എന്ന മാധ്യമത്തിന്റെ നിറപ്പകിട്ടിൽ മദ്യത്തിനും മയക്കുമരുന്നിനും നൽകുന്ന പരസ്യത്തിന്റെ ഭവിഷ്യത്തുകൾ സർക്കാർ വിലയിരുത്തണം. അതുപോലെതന്നെ, മതവിരുദ്ധപ്രചാരണത്തിനു സിനിമ ഉപയോഗിക്കപ്പെടുന്നുണ്ടോ എന്നും പരിശോധിക്കണം.

■

## കുഞ്ഞേട്ടൻ അനുസ്മരണവും പുരസ്കാരവിതരണവും

പാലാ: ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ സ്ഥാപകനേതാവ് പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ പതിനഞ്ചാം ചരമവാർഷികസമ്മേളനം കോട്ടയം അതിരൂപത സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം ഉദ്ഘാടനം ചെയ്തു.

കുഞ്ഞേട്ടൻ, ചെറുപുഷ്പ മിഷൻലീഗ് എന്ന സംഘടനയ്ക്കുവേണ്ടി ജീവിതം പൂർണമായി സമർപ്പിച്ച വ്യക്തിയായിരുന്നെന്നും അദ്ദേഹത്തിന്റെ വാത്സല്യത്തോടെയുള്ള പെരുമാറ്റം എല്ലാവരെയും ആകർഷിച്ചിരുന്നെന്നും അദ്ദേഹത്തിന്റെ പ്രേഷിത തീക്ഷ്ണത അനുകരണീയമായിരുന്നെന്നും ബിഷപ് അനുസ്മരിച്ചു.

കുഞ്ഞേട്ടന്റെ പാവനസ്മരണ നിലനിർത്തുന്നതിനായി സംസ്ഥാനസമിതി ഏർപ്പെടുത്തിയിരിക്കുന്ന കുഞ്ഞേട്ടൻ പുരസ്കാരം ചങ്ങനാശേരി അതിരൂപത പാറേൽപ്പള്ളി ഇടവകാംഗമായ ജോൺസൺ കാഞ്ഞിരക്കാട്ടിന് അഭിവന്ദ്യ പിതാവ് നൽകി. 14 രൂപതകളിൽനിന്നു പ്രവർത്തകർ പങ്കെടുത്ത സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ ആമുഖപ്രഭാഷണം നടത്തി, പാലാ രൂപത ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സ്വാഗതം ആശംസിച്ച സംഗമത്തിൽ അന്തർദേശീയ പ്രസിഡന്റ് ഡേവിസ് വല്ലൂരാൻ, ദേശീയ പ്രസിഡന്റ് സുജി പുല്ലുകാട്ട്, സംസ്ഥാന ജനറൽ ഓർഗനൈസർ തോമസ് അടുപ്പുകല്ലുങ്കൽ, ചെമ്മലമറ്റം ശാഖാ രക്ഷാധികാരി ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.



*ചെറുപുഷ്പമിഷൻലീഗ് സംസ്ഥാനസമിതി ഏർപ്പെടുത്തിയിരിക്കുന്ന 'കുഞ്ഞേട്ടൻ പുരസ്കാരം' കോട്ടയം അതിരൂപത സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം പിതാവിൽനിന്ന് ജോൺസൺ കാഞ്ഞിരക്കാട്ട് സ്വീകരിക്കുന്നു. ജെയ്സൺ പുളിച്ചമാക്കൽ, ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. ഷിജു ഐക്കരക്കാനയിൽ, രഞ്ജിത്ത് മുതുപ്ലാക്കൽ, സുജി പുല്ലുകാട്ട്, ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ എന്നിവർ സമീപം.*

# പ്രത്യാശയുടെ തീർഥാടകരാകാൻ

1-ാം പേജ് തുടർച്ച

**ഏകീകൃത വിശുദ്ധ കുർബാനയർപ്പണം**

നമ്മുടെ സഭയുടെ ഏകീകൃത കുർബാനക്രമം എല്ലാ രൂപതകളിലും നടപ്പാക്കാനുള്ള 2021 ലെ സിനഡുതീരുമാനം സഭയിലുടനീളം മാറ്റമില്ലാതെ തുടരുന്നതാണ്. എന്നാൽ, ഈ തീരുമാനം പൂർണമായും നടപ്പാക്കാൻ ഇനിയും നമുക്കു കഴിഞ്ഞിട്ടില്ല എന്നത് ഏറെ ദുഃഖകരമാണ്. സിനഡുതീരുമാനം നടപ്പാക്കാനുള്ള അജപാലനപരമായ പ്രതിസന്ധികൾ നിലനില്ക്കുന്നതിനാൽ, എറണാകുളം അങ്കമാലി അതിരൂപതയെ മനസ്സിലാക്കാനും പിതൃസഹജമായ സ്നേഹത്തോടെ ചേർത്തുപിടിക്കാനുമാണ് സിനഡ് ശ്രമിച്ചത്. ഇതിന്റെ ഭാഗമായി, ഞായറാഴ്ചകളിലും കടമുള്ള മറ്റു ദിവസങ്ങളിലും ഒരു കുർബാനയെങ്കിലും ഏകീകൃതരീതിയിൽ ചൊല്ലിത്തുടങ്ങുന്ന പള്ളികളിലെ വൈദികർക്കു സഭാപരമായ നടപടികളിൽനിന്നു താത്കാലികമായി ഇളവുനല്കുമെന്ന് അറിയിച്ചിരുന്നു.

ഏകീകൃതകുർബാനയർപ്പണം അതിരൂപതമുഴുവനിലും നടപ്പാക്കാനായി ബോധവത്കരണത്തിനുവേണ്ടിയുള്ള സാവകാശമായിട്ടാണ് ഈ ഇളവു നല്കിയത്. ഈ നിർദേശം നൂറിലധികം പള്ളികളിൽ നടപ്പായെങ്കിലും അതിരൂപതയിലെ മറ്റു പള്ളികൾ ഇക്കാര്യത്തിൽ പുലർത്തുന്ന വൈമുഖ്യത്തെ യാതൊരു വിധത്തിലും നീതീകരിക്കാനാവില്ല. ഇത്തരം നിലപാടുകൾ കുറ്റകരമായിക്കണ്ടു നടപടികൾ സ്വീകരിക്കുന്നതാണ്. ഏകീകൃതകുർബാനയർപ്പണരീതി നടപ്പാക്കിയ പള്ളികളിൽ പലതിലും ആത്മാർഥമായ സമീപനം പ്രകടമായില്ല എന്ന പരാതി നിലവിലുണ്ട്.

ഒരുമിച്ചുനടക്കാനുള്ള സിനഡിന്റെ പരിശ്രമങ്ങളെ ശരിയായ അർഥത്തിൽ മനസ്സിലാക്കി സഹകരിക്കാൻ എറണാകുളം- അങ്കമാലി അതിരൂപതയിലെ വൈദികരോടും സമർപ്പിതരോടും അല്മായരോടും സിനഡ് ആവശ്യപ്പെടുകയാണ്. ഏറെ വെല്ലുവിളികൾക്കിടയിലും അപ്പസ്തോലിക ധീരതയോടെ സിനഡിന്റെ തീരുമാനം നടപ്പാക്കിയ വൈദികരെയും ഇടവകകളെയും സിനഡ് ആദരപൂർവം സ്മരിക്കുന്നു. അതിരൂപതയിൽ സിനഡിന്റെ തീരുമാനം നടപ്പാക്കാനുള്ള വ്യക്തമായ നിർദേശങ്ങൾ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ പിതാവിനു നല്കിയിട്ടുണ്ട്. ഏകീകൃതകുർബാനയർപ്പണവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളോട് എല്ലാവരും സർവാത്മനാ സഹകരിക്കണമെന്നു സിനഡ് ആവശ്യപ്പെടുന്നു.

**ജൂബിലിവർഷം**

നമ്മുടെ കർത്താവീശോമിശിഹായുടെ ജനനത്തിന്റെ അനുസ്മരണമായി 2025-ാം ആണ്ടിനെ സാധാരണ ജൂബിലിവർഷമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ പ്രഖ്യാപിച്ച വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. പ്രതിസന്ധികളുടെ ഈ കാലഘട്ടത്തിൽ 'പ്രത്യാശയുടെ തീർഥാടകരാകുവിൻ' എന്ന ആഹ്വാനമാണ് പരിശുദ്ധപിതാവു ജൂബിലിവർഷത്തിൽ നല്കുന്നത്. നമ്മുടെ കർത്താവിലുള്ള വിശ്വാസത്തെ സഭയിലൂടെ ആഘോഷിക്കുക എന്നതാണ് ജൂബിലിവർഷത്തിന്റെ ലക്ഷ്യമായി നല്കിയിരിക്കുന്നത്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ ജൂബിലിയാഘോഷത്തിനുള്ള മാർഗരേഖ നമുക്കു നല്കപ്പെട്ടിട്ടുണ്ട്. 2024 ഡിസംബർ മാസം ജൂബിലിക്കടുത്ത ഒരുക്കത്തിനായുള്ള പ്രാർഥനാദിനങ്ങളായി നാം ആചരിക്കണം.

2024 ഡിസംബർ 24 നു രാത്രി എല്ലാ കത്തീദ്രൽപള്ളികളിലും, തുടർന്നുവരുന്ന ഞായറാഴ്ച എല്ലാ ഇടവകപ്പള്ളികളിലും ജൂബിലിവർഷം, ജൂബിലിത്തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുന്നതാണ്. ജൂബിലിവർഷത്തിന്റെ ലോഗോ ഉൾപ്പെടുന്ന ഫലകം എല്ലാ പള്ളികളിലും സ്ഥാപിക്കേണ്ടതാണ്. ജൂബിലിവർഷത്തിൽ തിരുസ്സഭാമാതാവു തന്റെ മക്കൾക്കു നല്കുന്ന വിവിധങ്ങളായ വരപ്രസാദവഴികളെയും ദണ്ഡവിമോചനങ്ങളെയും വ്യക്തമാക്കിക്കൊണ്ടുള്ള ഇടയലേഖനം രൂപതാധ്യക്ഷന്മാർ നല്കുന്നതായിരിക്കും.

പരിശുദ്ധ കുർബാന, അനുരഞ്ജനകൂദാശ എന്നിവയിൽ അധിഷ്ഠിതമായതും തീർഥാടനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുമായ കർമപദ്ധതിയാണ് രൂപതാതലങ്ങളിൽ നടപ്പാക്കേണ്ടത്. സഭയിലുടനീളം പ്രത്യാശയുടെ പുതിയ പ്രകാശം പരക്കാനും കൂട്ടായ്മയുടെയും സഭാസ്നേഹത്തിന്റെയും പുതിയ വസന്തം വിരിയാനും ജൂബിലിവർഷം നിമിത്തമാകട്ടെ എന്നു പ്രാർഥിക്കുന്നു.

**പുതിയ ഇടയന്മാർ**

നമ്മുടെ സഭയ്ക്കുള്ള ദൈവത്തിന്റെ സമ്മാനമായി രണ്ടു പുതിയ ഇടയന്മാരെ ലഭിച്ചുവെന്നത് ഏറെ അഭിമാനകരവും സന്തോഷകരവുമാണ്. ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി പ്രസ്തുത അതിരൂപതയുടെ സഹായമെത്രാനായി സേവനം ചെയ്തുവരികയായിരുന്ന മാർ തോമസ് തറയിൽ പിതാവ് നിയമിതനായി. അറിയപ്പെടുന്ന മനഃശാസ്ത്രവിശാരദനും സാമൂഹിക, ആത്മീയമേഖലകളിലെ നലംതികഞ്ഞ നായകനുമായ നിയുക്ത ആർച്ചുബിഷപ്പിനു സഭയുടെ മുഴുവൻ പ്രാർഥനാമംഗളങ്ങൾ നേരുന്നു.



ചങ്ങനാശ്ശേരി അതിരൂപതയുടെ നിയുക്തമെത്രാപ്പോലീത്താ മാർ തോമസ് തറയിലും ഷംഷാബാദ് രൂപതയുടെ നിയുക്തമെത്രാൻ മാർ പ്രിൻസ് ആന്റണി പാണേങ്ങാടനും മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിലിനോടൊപ്പം.

പിതൃസഹജമായ വാത്സല്യത്തോടും സീറോമലബാർസഭയുടെ പാരമ്പര്യങ്ങളോടുള്ള അവികലമായ വിശ്വസ്തതയോടും കുലീനമായ ശാന്തതയോടുംകൂടി കഴിഞ്ഞ ഇരുപത്തിരണ്ടു വർഷങ്ങൾ ചങ്ങനാശ്ശേരി അതിരൂപതയിൽ മേല്പട്ട ശുശ്രൂഷ നിർവഹിച്ച അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിനോടു സീറോമലബാർസഭ ഏറെ കടപ്പെട്ടിട്ടുണ്ട്. പിതാവിന്റെ സേവനങ്ങളെ ആദരവോടെ സ്മരിച്ചുകൊണ്ടു താപസതുല്യമായ പിതാവിന്റെ വഴികളെ കർത്താവു തുടർന്നും അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഭൂവിസ്തൃതികൊണ്ട് ഭാരതത്തിലെ ഏറ്റവും വലിയ രൂപതയായ ഷംഷാബാദിന്റെ രണ്ടാമത്തെ മെത്രാനായി അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പിതാവു നിയമിതനായി. സഹജമായ പ്രേഷിതതീക്ഷ്ണതയും കഠിനാധ്വാനശീലവും ജീവിതലാളിത്യവും അഭിവന്ദ്യ പിതാവിനു പുതിയ ദൗത്യത്തിൽ സഹായകമാകുമെന്ന് ഉറപ്പുണ്ട്. സഭയുടെ പ്രേഷിതമുഖമായി മാറാൻ പിതാവിനു കഴിയട്ടെയെന്നു പ്രാർഥിക്കുന്നു. ചങ്ങനാശ്ശേരി അതിരൂപതയ്ക്കും ഷംഷാബാദ് രൂപതയ്ക്കും സഭ മുഴുവന്റെയും പ്രാർഥനാശംസകൾ നേരുന്നു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

*(2024 ഓഗസ്റ്റ് 19 മുതൽ 31 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ സഭയുടെ മുപ്പത്തിരണ്ടാമതു സിനഡിന്റെ മൂന്നാം സമ്മേളനത്തെത്തുടർന്ന് മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പുറപ്പെടുവിച്ച സർക്കുലർ.)*

---

കവിത

■ കാഞ്ചിയാർ മോഹനൻ

## മണ്ണ്

മണ്ണു വേണം ജലം വേണം വായു വേണം
നാളെയും വിണ്ണുപെയ്യാൻ നമുക്കിത്തിരി മലകളും വേണം

മരം വേണം മരുപ്പച്ചത്തണൽ വേണം,
ഭൂമിക്കൊരുടൽ വേണം ഉടയാത്തൊരു രൂപവും വേണം

പുഴകൾ വേണം നദികൾ വേണം പുഞ്ചപ്പാടങ്ങൾ വേണം
വസന്തത്തിൽ പൂവുകൾതൻ പൂമണം വേണം

നദികൾ വേണം കിളികൾ വേണം കുയിലുകൾതൻ പാട്ടു വേണം
മരംകൊത്തികൾ താളമിട്ടൊരു പാട്ടുകേൾക്കേണം

ഇലകൾ വേണം കായ്കൾ വേണം ഇലത്താളം കൂടെവേണം
കിളികളാരവമിട്ടു വാനിൽ ഒഴുകിനീങ്ങേണം

പുലരി വേണം രാവു വേണം രാക്കിളിതൻ പാട്ടു വേണം
പനംപട്ടകൾ കാറ്റിലാടി രസിച്ചുനിൽക്കേണം

വയലു വേണം വലരി വേണം വയൽക്കരെത്തഴുതാമ വേണം
ഞാറുവാലിപ്പക്ഷികൾതൻ കാഹളം വേണം

തോടു വേണം കുളം വേണം തോട്ടിലൊത്തിരി മീൻ വേണം
കാട്ടരുവികൾ പാട്ടുപാടി ഒഴുകിയെത്തേണം

തണലു വേണം കുളിരു വേണം താമരപ്പൂക്കളും വേണം

മലകളിൽനിന്നൊഴുകിയെത്തും അരുവിയും വേണം

കാടു വേണം നാടു വേണം തലമുറയ്ക്കൊരു ഭാവി വേണം

കാട്ടുചോലകൾ നാട്ടിലെത്തി കുളിർ നിറയ്ക്കേണം

ഇനി വരുന്നൊരു തലമുറയ്ക്കായ് ജലം വേണം വായു വേണം
നാട്ടിലൊത്തിരി മരം വച്ചിട്ടാവിതീർക്കേണം

അമ്മയാണിത് നന്മയാണ് പ്രപഞ്ചമെന്ന മഹാത്ഭുതം
അമ്മ വാഴുക, നന്മ വാഴുക, മേന്മ വാഴുകയൂഴിയിൽ.

*കഥാസാരം*

*ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞ അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. 20 വർഷം മുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് തമ്മിൽ ബന്ധമുണ്ടായില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ കല്യാണത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും സിസിലി താമസിക്കുന്ന കുറുക്കൻകുന്ന് എന്ന ഗ്രാമത്തിലെത്തി. ഭർത്താവിനെ ആന ചവിട്ടിക്കൊന്നതിനുശേഷം എട്ടുവർഷമായി സിസിലിയുടെ കുടുംബജീവിതം ദുരിതപൂർണമായിരുന്നു. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിന് നന്നേ ഇഷ്ടമായി. ഒരു വണ്ടിയപകടത്താൽ പരിക്കേറ്റ് കാലിനു സ്വാധീനക്കുറവ് വന്നതിനാൽ മുടിന്തിയാണ് എൽസ നടന്നിരുന്നത്. ജയേഷിന്റെ കല്യാണം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയാണ്. അവരുമായി പൊരുത്തപ്പെട്ടുപോകാൻ ജയേഷ് നന്നേ ബുദ്ധിമുട്ടി. എൽസയുടെ കാലിന്റെ മുടന്തുമാറ്റാനുള്ള സർജറിയ്ക്കായി പണം കൊടുക്കാമെന്ന് ജയേഷ് ഫോണിൽ എൽസയെ അറിയിച്ചു. എൽസയ്ക്കും സിസിലിക്കും സന്തോഷമായി. സർജറിക്കുള്ള തീയതി നിശ്ചയിച്ചു. പണം ആവശ്യപ്പെട്ട് എൽസ വിളിച്ചപ്പോൾ ഫോണെടുത്തത് വർഷയായിരുന്നു. ആവശ്യം കേട്ടപ്പോൾ അവൾ പൊട്ടിത്തെറിച്ച് പരുഷമായി സംസാരിച്ചു. പണം തരികില്ലെന്നു തീർത്തു പറഞ്ഞു.*

*(തുടർന്നു വായിക്കുക)*

**ജ**യേഷ് ഒരു ശിലാബിംബം പോലെ നിന്നുപോയി കുറേനേരം. എൽസയെ വിളിച്ച് ഇത്ര പരുഷമായി സംസാരിക്കുമെന്നു വിചാരിച്ചില്ല. എൽസയ്ക്ക് എന്തു തോന്നിക്കാണും?

തളർന്ന് അവൻ കസേരയിലേക്കിരുന്നു. എൽസയോടു താൻ എന്തു സമാധാനം പറയും? തനിക്കു കിട്ടിയ ഭാര്യ ഇങ്ങനെയൊരു മൂശേട്ടയാണെന്ന് അവൾ ചിന്തിക്കില്ലേ?

ജയേഷ് ഭാര്യയെ നോക്കി. യാതൊരു കൂസലുമില്ലാതെ അവൾ കട്ടിലിൽ നീണ്ടുനിവർന്നു കിടക്കുകയാണ്. എന്തൊരഹങ്കാരിയാണ് ഈ സ്ത്രീ. പൊരുത്തപ്പെട്ടുപോകാൻ കഴിയുന്നില്ലല്ലോ. ജയേഷിനു സങ്കടം വന്നു. അവൻ എണീറ്റുചെന്ന് കട്ടിലിൽ ഇരുന്നിട്ട് വർഷയുടെ ചുമലിൽ കൈവച്ചു.

"വർഷേ..."

വിളി കേട്ടില്ല അവൾ.

"എൽസയെ ഞാൻ സഹായിക്കുന്നതിൽ നിനക്ക് എതിർപ്പുണ്ടായിരുന്നെങ്കിൽ അതെന്നോടു പറഞ്ഞു ഇവിടെ തീർക്കായിരുന്നു. അവളെ ഫോൺ വിളിച്ച് അധിക്ഷേപിക്കേണ്ടിയിരുന്നില്ല. അവളാവശ്യപ്പെട്ടിട്ടല്ല ഞാനങ്ങോട്ടു സഹായം വാഗ്ദാനം ചെയ്തത്. ഇരന്നു ജീവിക്കാതെ പണിയെടുത്തു കാശുണ്ടാക്ക് എന്നൊക്കെ പറഞ്ഞത് ക്രൂരമായിപ്പോയി. ദാരിദ്ര്യവും കഷ്ടപ്പാടുമൊന്നും നീ ഇതുവരെ അറിഞ്ഞിട്ടില്ലാത്തതുകൊണ്ടാ നിനക്കിങ്ങനെയൊക്കെ സംസാരിക്കാൻ തോന്നിയത്."

"ഇങ്ങനൊരു സഹായം വാഗ്ദാനം ചെയ്യുന്നതിനുമുമ്പ് എന്നോടൊരു വാക്ക് ചോദിക്കായിരുന്നില്ലേ" വർഷ ചാടിയെണീറ്റിട്ട് ജയേഷിനു നേരേ കൈ ചൂണ്ടി.

'അതൊരു തെറ്റാണോ?"

"എന്റെ കണ്ണിൽ തെറ്റുതന്നെയാ. ജയേഷ് എന്നോട് ഒന്നു സൂചിപ്പിക്കുകപോലും ചെയ്തില്ലല്ലോ. എനിക്കതിൽ വിഷമമുണ്ട്."

"ഞാനിനി എന്തുപറയും എൽസയോട്?"

"എന്തു പറയാൻ? അവളാമലമോളിലല്ലേ. വിളിച്ചാൽ ഫോൺ എടുക്കുകയേ വേണ്ടെന്നു വയ്ക്കണം. പണ്ടെങ്ങാണ്ട് ഒരു അയൽപക്കമായിരുന്നൂന്നു പറഞ്ഞ് ഇങ്ങനുണ്ടോ ഒരു സ്നേഹം?"

"കല്യാണം കഴിഞ്ഞ് ഓരോ ദിവസവും ഞാൻ പ്രതീക്ഷയോടെ കാത്തിരിക്കയായിരുന്നു, നമ്മുടെ ഹൃദയങ്ങൾ തമ്മിൽ കൂടുതൽ അടുക്കുന്നതിനായിട്ട്. ഇതിപ്പോൾ കൂടുതൽ അകന്നകന്നു പോകയാണല്ലോ വർഷേ..."

"അതിന്റെ കാരണം ജയേഷാ, ഞാനല്ല." അതു പറഞ്ഞിട്ട് അവൾ കിടക്കയിലേക്കു ചാഞ്ഞിട്ട് ലൈറ്റ് ഓഫ് ചെയ്തു. ജയേഷും കിടന്നു. അവരുടെ ശരീരംപോലെ മനസ്സുകളും രണ്ടറ്റത്തായി അകന്നുപോയിരുന്നു.

* * *

## നോവൽ 11

# കിഴക്കൻകാറ്റ്

ഇഗ്നേഷ്യസ് കലയന്താനി





എൽസയുടെ മിഴികളിൽനിന്ന് കണ്ണുനീർ കുടുകുടെ ഒഴുകി. വർഷയുടെ വായിൽനിന്ന് ഇങ്ങനെയൊരു പ്രതികരണം അവൾ പ്രതീക്ഷിച്ചില്ലായിരുന്നു. ഇരന്നു ജീവിക്കാതെ പണിയെടുത്തു കാശുണ്ടാക്കാൻ നോക്ക് എന്ന്! താൻ യാചിച്ചതുകൊണ്ടാണ് കാശു കൊടുക്കുന്നതെന്ന് ജയേഷ് അവളോടു പറഞ്ഞോ? ആർക്കറിയാം. എന്തായാലും ഇനി ജയേഷിനെ വിളിക്കുന്നില്ല. ആ സഹായം ഇനി വേണ്ട. എൽസയുടെ ഹൃദയത്തിനേറ്റ മുറിവിൽനിന്ന് വേദനയുടെ ചോര ധാരയായി ഒഴുകിക്കൊണ്ടിരുന്നു.

അടുക്കളയിലായിരുന്ന സിസിലി, പണികളെല്ലാം തീർത്തിട്ട് കിടപ്പുമുറിയിലേക്കു വന്നു. "ഓപ്പറേഷന്റെ കാര്യം ജയേഷിനെ വിളിച്ചു പറഞ്ഞായിരുന്നോ മോളേ...?"

"പറഞ്ഞു. അതിനി പ്രതീക്ഷിക്കണ്ട അമ്മേ."

"ങ്ഹേ..." സിസിലിയുടെ നെഞ്ചൊന്നു പിടഞ്ഞു.

വർഷ ഫോണിൽ വിളിച്ചു പറഞ്ഞ വാചകം അവൾ അമ്മയോടു പറഞ്ഞു.

"ദൈവമേ, ഒരുപാട് പ്രതീക്ഷ തന്നിട്ട് ഇങ്ങനെയൊരു ചതിയോ? ഓപ്പറേഷന്റെ ഡേറ്റൊക്കെ ഫിക്സ് ചെയ്തിട്ട്? നീ ജയേഷിനെ വിളിച്ചേ ഞാൻ സംസാരിക്കാം."

സിസിലി ഫോണെടുത്ത് എൽസയ്ക്കു നീട്ടി. എൽസ നമ്പർ ഡയൽ ചെയ്തിട്ട് അമ്മയ്ക്കു കൈമാറി. സിസിലി ഫോൺ ചെവിയോടു ചേർത്തു. റിങ്ങുണ്ട്.

"രാത്രി മുഴുവൻ നിനക്കിതാണോ പണി? ഇനി മേലിൽ ഇങ്ങോട്ടു വിളിച്ചുപോകരുത്. മനുഷ്യനെ ഉറങ്ങാനും സമ്മതിക്കില്ല."

അങ്ങേത്തലയ്ക്കൽ നിന്നുള്ള ആ സ്ത്രീശബ്ദം സിസിലിയെ അമ്പരപ്പിച്ചു.

കോൾ കട്ടായി. ലൗഡ് സ്പീക്കറിലായിരുന്നതുകൊണ്ട് എൽസയും അതു കേട്ടു.

"വേണ്ടമ്മേ. ആ സഹായം ഇനി വേണ്ട. ജയേഷിനെ ഇനി വിളിക്കയും വേണ്ട. ഓപ്പറേഷൻ നമുക്കു മാറ്റിവയ്ക്കാം."

"എന്നാലും എല്ലാവരോടും പറഞ്ഞിട്ട്?"

"സാരമില്ല; ചോദിക്കുന്നവരോടു വേറെന്തെങ്കിലും കാരണം പറയാം. നമുക്ക് നാളെ വികാരിയച്ചനോടു ചെന്ന് കാര്യം പറയണം. അച്ചനോടു നുണ പറയാൻ പറ്റില്ലല്ലോ."

"എന്നാലും എന്റെ മോൾക്ക് പ്രതീക്ഷ തന്നിട്ട്...! അവന് അവന്റെ ഭാര്യയോട് ഒന്നു ചോദിച്ചിട്ടു വാക്കുതന്നാൽ പോരായിരുന്നോ?"

സിസിലിക്കു ദേഷ്യമായിരുന്നു.

"വർഷ ഒടക്കുമെന്ന് ജയേഷ് പ്രതീക്ഷിച്ചുകാണില്ലമ്മേ. ജയേഷ് ഒരു പാവമാ. ശുദ്ധമനസ്കൻ. ഇവിടെ വന്നു സംസാരിച്ചപ്പം എനിക്കതു മനസ്സിലായതാ. അവനു ചേരുന്ന ഒരു ഭാര്യയല്ല വർഷ."

"ഓപ്പറേഷൻ കഴിഞ്ഞു ചട്ടു മാറിക്കഴിയുമ്പം നിന്റെ കല്യാണം നടക്കുമെന്നായിരുന്നു എന്റെ പ്രതീക്ഷ. അതിപ്പം ഇങ്ങനെയായി."

സിസിലി കണ്ണുതുടച്ചു.

"സാരമില്ലമ്മേ. കല്യാണമൊക്കെ ദൈവം നിശ്ചയിച്ച സമയത്തേ നടക്കൂ. അമ്മ വിഷമിക്കാതിരി. ചട്ടുള്ളതുകൊണ്ട് എനിക്കു സങ്കടമൊന്നുമില്ലല്ലോ; പിന്നെന്തിനാ അമ്മ സങ്കടപ്പെടുന്നേ. ഈ നാട്ടിലെല്ലാർക്കും അറിയാം ഞാൻ ചട്ടുകാലിയാന്ന്. പിന്നെന്താ?"

എൽസ അമ്മയുടെ കണ്ണുനീർ ഒപ്പി.

സിസിലി പിന്നീടൊന്നും പറഞ്ഞില്ല. ലൈറ്റ് ഓഫ് ചെയ്തിട്ട് കിടന്നു. ഉറക്കം വന്നില്ല എൽസയ്ക്കും സിസിലിക്കും. ഇരന്നു ജീവിക്കാതെ പണിയെടുത്ത് കാശുണ്ടാക്കാൻ നോക്ക്. വർഷയുടെ വാക്കുകൾ വീണ്ടും വീണ്ടും മനസ്സിൽ മുഴങ്ങുകയാണ്. ഇന്നോളം ആരോടും ഇരന്നിട്ടില്ല. എന്നിട്ടും കേൾക്കേണ്ടി വന്നല്ലോ!

പുലർച്ചെ എണീറ്റ് രണ്ടുപേരും പള്ളിയിൽപോയി. കുർബാന കഴിഞ്ഞ് പള്ളിമേടയിൽ ചെന്ന് വികാരിയച്ചനെ കണ്ടു. അച്ചനോടു കാര്യങ്ങളെല്ലാം പറഞ്ഞു. കേട്ടപ്പോൾ അച്ചനും സങ്കടമായി.

"ഞാനും പ്രതീക്ഷയോടെ ഇരുന്നതാണല്ലോ മോളേ. നിനക്കൊരുപാട് സങ്കടമായോ?"

"ഇല്ലച്ചോ. എനിക്കു വിഷമമൊന്നുമില്ല. ഇത് ഇന്നലെയുണ്ടായ ചട്ടല്ലല്ലോ. എത്ര വർഷമായി ഞാൻ ചട്ടിനടക്കാൻ തുടങ്ങീട്ട്. ചട്ടുണ്ടെന്ന കാര്യമേ ഞാനിപ്പം ഓർക്കാറില്ല."

എൽസ ചിരിച്ചു.

"ഏതായാലും ഒരു കാര്യം ചെയ്യ്. സർജറീടെ ഡേറ്റ് തീരുമാനിച്ചത് ഇപ്പം മാറ്റണ്ട. രണ്ടുദിവസം കൂടി വെയ്റ്റ് ചെയ്യ്. ദൈവം എന്തേലും വഴി കാണിച്ചു തരുമോന്ന് നമുക്കു നോക്കാം."

"ഉം." സിസിലി തലകുലുക്കി.

"എന്നാ പൊയ്ക്കോ."

യാത്ര പറഞ്ഞിട്ട് രണ്ടുപേരും വെളിയിലേക്കിറങ്ങി. നടക്കുന്ന വഴി അച്ചന്റെ സ്നേഹത്തെക്കുറിച്ചായിരുന്നു അവരുടെ സംസാരം.

രണ്ടുദിവസം കഴിഞ്ഞപ്പോൾ വികാരിയച്ചന്റെ ഒരു ഫോൺ കോൾ സിസിലിക്ക്.

"അതേയ്..., പറഞ്ഞ ദിവസം തന്നെ നമുക്ക് ഓപ്പറേഷൻ നടത്താം കേട്ടോം. ക്യാൻസൽ ചെയ്യണ്ട. പൈസ ഞാൻ സംഘടിപ്പിച്ചുതരാം."

"എവിടുന്നാ അച്ചോ."

"എനിക്കു പരിചയമുള്ള ഒരച്ചനുണ്ട് അമേരിക്കേൽ. ആ അച്ചന് അവിടെ ഒരുപാട് പിടിപാടുണ്ട്. ഞാനച്ചനുമായിട്ട് സംസാരിച്ചു. ഓപ്പറേഷനുവേണ്ട കാശ് അച്ചൻ സംഘടിപ്പിച്ചുതരാന്നു പറഞ്ഞിട്ടുണ്ട്. അവിടുള്ളോർക്ക് ഒന്നോ രണ്ടോ ലക്ഷം രൂപാന്നു പറയുന്നത് വല്യതുകയൊന്നുമല്ലല്ലോ."

"വളരെ സന്തോഷം അച്ചോ."

"ഇതാരോടും പറയണ്ട ട്ടോ. നിങ്ങളു രണ്ടുപേരുംമാത്രം അറിഞ്ഞാൽ മതി. ഇല്ലേൽ സഹായം ചോദിച്ചോണ്ട് ആൾക്കരുടെ പ്രളയമായിരിക്കും ഇങ്ങോട്ട്. എനിക്കെല്ലാരേം സഹായിക്കാൻ പറ്റില്ലല്ലോ. സഹായിച്ചില്ലേൽ പിന്നെ എന്നേം നിന്നേം ചേർത്ത് കഥകളുണ്ടാക്കും നാട്ടുകാര്. അതുകൊണ്ട് ഇത് രഹസ്യമാക്കി വച്ചാമതി."

"ഉം."

ഫോൺ കട്ട് ചെയ്തിട്ട് സിസിലി എൽസയോടു സന്തോഷ വാർത്ത പറഞ്ഞു:

"ദൈവം അച്ചന്റെ രൂപത്തിൽ വന്ന് നമ്മളെ സഹായിക്കുന്നതായി എനിക്കിപ്പം തോന്നുന്നു അമ്മേ."

"ഇത്രേം നല്ലൊരച്ചൻ ഈ ഇടവകേൽ മുമ്പു വന്നിട്ടേയില്ല." സിസിലിയും സന്തോഷവതിയായിരുന്നു.

കർത്താവിന്റെ തിരുസ്വരൂപത്തിനുമുമ്പിൽ എൽസ കൈകൂപ്പിനിന്നു പ്രാർഥിച്ചു. തടസ്സമൊന്നും വരാതെ കാലിന്റെ സർജറി ഭംഗിയായി നടന്ന് തനിക്കു ചട്ടില്ലാതെ നടക്കാനുള്ള സാഹചര്യം ഒരുക്കിത്തരണേ ഈശോയേന്ന്.

സർജറിയുടെ രണ്ടുദിവസം മുമ്പ് അവൾ പള്ളിയിൽ പോയി കുമ്പസാരിച്ചു കുർബാന സ്വീകരിച്ചു. മനസ്സ് ശുദ്ധീകരിക്കപ്പെട്ടപ്പോൾ പുഴയിലെ വെള്ളത്തിൽ മുങ്ങിയെണീറ്റ്, സോപ്പുതേച്ച് കുളിച്ച് ദേഹത്തെ അഴുക്കുകളെല്ലാം കഴുകിക്കളഞ്ഞപോലുള്ള അനുഭൂതിയായിരുന്നു അവൾക്ക്.

*ശേഷം 15-ാം പേജിൽ*

# കമ്പ്യൂട്ടർകളികളിൽ ജീവിതം ഹോമിക്കുന്നവർ



ഡോ. ജസ്റ്റിൻ തോമസ്

**കൂ**ട്ടുകാരില്ലാത്ത, പഠിക്കാൻ അശേഷം താത്പര്യം കാണിക്കാത്ത സ്കൂളിലിരുന്ന് ഉറക്കം തൂങ്ങുന്ന, എപ്പോഴും ഗേമിങ് എന്ന ചിന്തമാത്രമുള്ള, അതിനായി അനേകമണിക്കൂറുകൾ ചെലവഴിക്കുന്ന പത്താംക്ലാസുകാരൻ ആശിഷിനെ അവന്റെ അപ്പനും അമ്മയും അമ്മാവനും കൂടി ഉന്തിയും തള്ളിയുമാണ് എന്റെ അടുക്കൽ എത്തിച്ചത്. ഒരു 'ഗേമർ' ആയാലുള്ള മെച്ചങ്ങളെക്കുറിച്ചാണ് അവൻ



സംസാരിച്ചത്! അവന്റെ സംസാരരീതിയിൽനിന്ന് അതിനോടുള്ള 'അഭിനിവേശം' തിരിച്ചറിയാൻ കഴിഞ്ഞു. തുടർന്നു മനസ്സിലായ മറ്റൊരു കാര്യം ഗേമിങ്ങിൽ നിന്നകന്നിരിക്കുമ്പോൾ അവൻ അനുഭവിക്കുന്ന അമിത ഉത്കണ്ഠയാണ്. ഗേമിങ് ഒരു ദിവസം തന്നെ പലവട്ടം വേണമെന്ന അവസ്ഥ.

ആശിഷ് ഒബ്സസ്സീവ് കംപൽസീവ് ഡിസോർഡർ (OCD) എന്ന മാനസികരോഗാവസ്ഥയിലൂടെ കടന്നുപോകുകയാണ്. സ്വയം തന്റെ ചിന്തകളെയും പ്രവൃത്തികളെയും നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയാണ് ഒ.സി.ഡി. എന്നാൽ, കൂടുതലായി ഈ പതിനഞ്ചുവയസ്സുകാരനെ മനസ്സിലാക്കിയപ്പോൾ പ്രശ്നം ഇന്റർനെറ്റ് ഗേമിങ് ഡിസോർഡർ (IGD - ref:ICD11) ആണെന്നു തിരിച്ചറിഞ്ഞു. ഇന്റർനെറ്റ് ഗേമുകളും മറ്റും കമ്പ്യൂട്ടർ ഗേമുകളും കളിക്കാതിരിക്കാൻ പറ്റാത്ത അവസ്ഥയാണിത്. നേരത്തേ, ഒസിഡിയുടെ കാര്യത്തിൽ സൂചിപ്പിച്ചതുപോലെതന്നെ ഐജിഡിയിൽ വ്യക്തിക്കു ചിന്തകളെയും പ്രവൃത്തികളെയും നിയന്ത്രിക്കാൻ കഴിയില്ല. ആശിഷിനു ശരിയായ കൗൺസലിങ്ങും സൈക്യാട്രി മരുന്നുകളും ഫലം നൽകി.

**ഇന്റർനെറ്റ് ഗേമിങ് ഡിസോർഡറിന്റെ കാരണങ്ങൾ**

ഐജിഡിയിലേക്കു വ്യക്തികൾ കൂപ്പുകുത്തുന്നത് വ്യത്യസ്തകാരണങ്ങളാലാണ്. മാനസികപ്രശ്നങ്ങൾ (ഡിപ്രഷൻ), യാഥാർഥ്യങ്ങളിൽനിന്ന് ഒളിച്ചോടുന്ന പ്രവണത, ഇന്റർനെറ്റ് ഗേമിൽനിന്ന് ഉയർന്ന സന്തോഷം ലഭിക്കുന്നതായി തോന്നുക, ഒറ്റപ്പെടൽ അനുഭവിക്കുക, കൂട്ടുകാരുടെ സമ്മർദം, ചില ലഹരിവസ്തുക്കളുടെ ഉപയോഗം തുടങ്ങിയവയൊക്കെ ഐജിഡിയിലേക്കു വ്യക്തികളെ നയിക്കാം. ഇവ കൂടാതെ സഹോദരങ്ങളുടെയും മാതാപിതാക്കളുടെയും ദുർമാതൃക, കുട്ടികളുടെ ശല്യം ഉണ്ടാവാതിരിക്കാൻ മൊബൈൽ നൽകുന്ന പ്രവണത, ഗേമർ എന്ന പ്രൊഫഷനിലേക്കെത്താൻ ഗെയിം കളിക്കുന്നതു നല്ലതാണെന്ന തെറ്റായ ചിന്ത, ആശയവിനിമയം നടത്താൻ കൂട്ടുകാർ/ വീട്ടുകാർ ഇല്ലാതെ ഒറ്റപ്പെടുന്ന അവസ്ഥ, ഇഷ്ടമില്ലാത്ത കാര്യങ്ങൾ സംഭവിക്കുമ്പോൾ പകപോക്കുന്ന മനോഭാവം, ജീവിതത്തിൽ നേട്ടങ്ങൾ ഉണ്ടാക്കാനുള്ള മോട്ടിവേഷന്റെ അഭാവം, തെറ്റായ ചില ആശയങ്ങളോടുള്ള അഭിനിവേശം, മറ്റുള്ളവരുടെ അംഗീകാരം നേടിയെടുക്കാനുള്ള ത്വര തുടങ്ങിയവയൊക്കെ ഐജിഡിയിലേക്കു വ്യക്തികളെ തള്ളിയിടാം.

**അപകടകാരികളായ ഗേമുകളും പതിയിരിക്കുന്ന മാരകദുരന്തങ്ങളും**

ഇന്റർനെറ്റിൽ കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ അടിമപ്പെടുത്തുന്ന, ഇല്ലാതാക്കുന്ന ഗേമുകൾ ഉണ്ട് (Roblox, choking game, Cayla dolls, Blue Whale, Salt and ice challenge, The letter X, Cloud pets, Firefairy etc). ഇവയൊക്കെ ചില വെല്ലുവിളികൾ കളിക്കാർക്കു നൽകുന്നു. വ്യക്തികൾ ആ വെല്ലുവിളികൾ സ്വീകരിച്ചു പ്രവർത്തിക്കുമ്പോൾ മാരകമായ അപകടങ്ങളും മരണം വരെയും സംഭവിക്കാം. മാതാപിതാക്കളുടെയും കൂട്ടുകാരുടെയും ജീവിതപങ്കാളികളുടെയുമൊക്കെ ശ്രദ്ധ ഗെയിം കളിക്കുന്നവരിൽ എത്തണം. കാരണം, അവർ കളിക്കുന്ന ഗെയിം എത്ര അപകടകരമാണെന്ന് അവർക്കുപോലും അറിയില്ല!

**ഇന്റർനെറ്റ് ഗേമിങ് ഡിസോർഡറിൽനിന്ന് എങ്ങനെ രക്ഷ നേടാം?**

ഐജിഡി ശരീരത്തിന്റെയും മനസ്സിന്റെയും ആരോഗ്യത്തെ സാരമായി ബാധിക്കുന്നു. ഡിപ്രഷൻ, സ്ലീപ് ഡിസോർഡേഴ്സ്, ഈറ്റിങ് ഡിസോർഡേഴ്സ്, ഉത്കണ്ഠ എന്നിങ്ങനെ അനവധി പ്രശ്നങ്ങളിലേക്ക് ഐജിഡി വ്യക്തിയെ നയിക്കും. ഇത് ശാരീരികാരോഗ്യത്തെ ബാധിക്കും.

ഐജിഡി ഉള്ളവർ ശാരീരികവ്യായാമത്തിനു സമയം കണ്ടെത്തുക വിരളമാണ്. ശരിയായ ശാരീരികവ്യായാമത്തിന്റെ അപര്യാപ്തത സങ്കീർണമായ മാനസിക-ശാരീരികപ്രശ്നങ്ങളിലേക്ക് എത്തിക്കുന്നു. മുമ്പു സൂചിപ്പിച്ചതുപോലെ ആശിഷിൽ സി.ബി.റ്റിയും ഹിപ്നോതെറാപ്പിയും നന്നായി ഫലിച്ചു. ശരിയായ കൗൺസലിങ്ങും ആവശ്യമെങ്കിൽ മരുന്നും ഇത്തരക്കാരിൽ വലിയ മാറ്റം സൃഷ്ടിക്കും. ഇത് ഒരുതരം അടിമത്തംകൂടി ആയതിനാൽ ഇതിൽനിന്നു പുറത്തു കടക്കാൻ, ശ്രമിക്കുന്ന വ്യക്തിക്ക് 'പിൻവലിയൽ ലക്ഷണങ്ങൾ' ഉണ്ടാവാം. ആശിഷ് തന്റെ പ്രശ്നത്തിൽനിന്നു പുറത്തുകടക്കുന്ന വേളയിൽ പിൻവലിയൽ ലക്ഷണങ്ങൾ കാണിച്ചിരുന്നു. താഴെക്കൊടുക്കുന്ന പ്രസ്താവനകൾ പരിശോധിച്ചുകൊണ്ട് ഇന്റർനെറ്റ് ഗേമിങ് ഡിസോർഡർ ഉണ്ടോയെന്ന് അറിയാം.

1. ഞാൻ എപ്പോഴും ഗേമിങ്ങിനെക്കുറിച്ചു ചിന്തിക്കുകയും കൂട്ടുകാരുമായി ചർച്ച ചെയ്യുകയും ചെയ്യാറുണ്ട്.
   ശരി/ തെറ്റ്
2. എല്ലാ ദിവസവും ഞാൻ ഗെയിം കളിക്കാറുണ്ട്.
   ശരി/ തെറ്റ്
3. ഗെയിം കളിക്കാതിരിക്കാൻ എനിക്കു കഴിയാറില്ല.
   ശരി/ തെറ്റ്
4. ഗെയിം കളിക്കാൻ കഴിഞ്ഞില്ലായെങ്കിൽ ഉത്കണ്ഠ, അരിശം, നിരാശ എന്നീ വികാരങ്ങൾ ഉണ്ടാകാറുണ്ട്.
   ശരി/ തെറ്റ്
5. ഗേമിങ്ങിനെ എതിർക്കുന്നവരെ എനിക്കു വെറുപ്പാണ്.
   ശരി/ തെറ്റ്
6. ഗേമിങ്ങിനു ചെലവിടുന്ന അധികസമയം ക്രിയാത്മകമായി ഉപയോഗിക്കണമെന്നു തോന്നാറുണ്ടെങ്കിലും സാധിക്കാറില്ല.
   ശരി/ തെറ്റ്
7. ഗേമിങ്ങിന്റെ സമയത്തു പറയുന്ന 'ചുമതലകൾ' (task) എത്ര കഠിനമെങ്കിലും അപകടകരമെങ്കിലും ചെയ്യാൻ ഞാൻ തയ്യാറാണ്.
   ശരി/ തെറ്റ്
8. എന്റെ പഠനം, ജോലി, കുടുംബാംഗങ്ങളും സുഹൃത്തുക്കളുമായുള്ള ബന്ധം എന്നിവ പരിതാപകരമായ അവസ്ഥയിലാണ്.
   ശരി/ തെറ്റ്
9. ഡിപ്രഷന്റെ വ്യത്യസ്തങ്ങളായ ലക്ഷണങ്ങളിൽ ചിലവ (ആത്മഹത്യാപ്രവണത, കരച്ചിൽ, ഉറക്കക്കുറവ്/ കൂടുതൽ, ഭക്ഷണം കുറച്ച്/ കൂടുതൽ കഴിക്കുക, അമിത അരിശം, വെറുപ്പ്, അമിതക്ഷീണം മുതലായവ) എനിക്കുണ്ട്.
   ശരി/ തെറ്റ്
10. ഗേമിങ്ങിലൂടെ പണനഷ്ടം ഉണ്ടാകാറുണ്ട്.
   ശരി/ തെറ്റ്

മേൽസൂചിപ്പിച്ച പ്രസ്താവനകളിൽ ഏതെങ്കിലും ഒരെണ്ണത്തിനുതന്നെ ശരിയുത്തരം ലഭിച്ചാൽ അത് നിസ്സാരമായി തള്ളിക്കളയരുത്. കാരണം, ഈ പത്തു പ്രസ്താവനകളും അടിമത്തത്തിന്റെ അടയാളങ്ങളാണ്. ഒരിക്കൽ ഇത്തരം പ്രശ്നങ്ങളിൽ എത്തിപ്പെട്ടാൽ ഒരു മാനസികരോഗവിദഗ്ധനെ നിർബന്ധമായും കാണണം. അതല്ലെങ്കിൽ വ്യക്തിയുടെ ജീവൻവരെ നഷ്ടമാകാം. ■

---

കവിത

പ്രസന്ന നായർ

## തിരിച്ചുകിട്ടാത്ത ബാല്യം

സംവത്സരപ്പക്ഷി തൻ മണിച്ചുണ്ടിനാൽ
കാലത്തിൻ ഏടുകൾ മറിക്കുമ്പോൾ
ദിനങ്ങൾ കൊഴിയുന്നു ഋതുക്കൾ മായുന്നു
സമയരഥം വേഗം മുന്നോട്ടു പായുന്നു.

ജീവിതയാത്രയിലെന്നും തിളങ്ങുന്നു
കന്മഷം കലരാത്ത ബാല്യകാലം
മാത്സര്യബുദ്ധിയില്ല സ്പർദ്ധയില്ല
നിഷ്കളങ്ക സ്നേഹഹൃദയംമാത്രം.

കാറ്റിനോടൊപ്പം വീശി, ചാറ്റൽമഴ നനഞ്ഞ്
പൂവിനു മുത്തം നൽകി വെയിലിൽ കുളിച്ച്
കൂട്ടുകാർതൻ തോളോടു തോളുരുമ്മി
നാട്ടുകാരുടെ സ്നേഹമുദ്രകളേറ്റു വാങ്ങി.

മതവിദ്വേഷമില്ല ജാതിവേർതിരിവില്ല
സമ്പത്തിനേറ്റക്കുറച്ചിലില്ല
ഞാൻതന്നെ നീയെന്നും നീതന്നെ ഞാനെന്നും
സത്യമായ് കരുതിയ ബാല്യകാലം.

മനസ്സും വപുസ്സും വളർന്നു, ഒപ്പം
മാത്സര്യബുദ്ധിയും സ്പർദ്ധയും വളർന്നു
ജാതിമത അതിർവരമ്പുകൾ മനസ്സിൽ
വിദ്വേഷത്തിൽ വിഷവിത്തുകൾ പാകി.

സമ്പന്നദരിദ്രചിന്ത വളർന്നു
നീയെനിക്കന്യൻ ഞാൻ നിനക്കന്യൻ
എന്നുള്ള വന്യഭാവംനിറഞ്ഞു
ബാല്യത്തിൻ നൈർമല്യം വിടചൊല്ലിമറഞ്ഞു

വീണ്ടുമൊരു അമലബാല്യത്തിനായ്,
അന്നത്തെ നിർമലഭാവത്തിനായ്
ഹൃദയം യാചിച്ച്, ദൈവം കനിഞ്ഞ്
വീണ്ടുമക്കാലം ഒരുമാത്ര തന്നാലും

അന്നത്തെ കാറ്റില്ല, മഴയില്ല, വെയിലില്ല
അന്നത്തെ സ്നേഹമുഖങ്ങളില്ല
അവയൊന്നുമില്ലാത്ത ശൂന്യബാല്യത്തിലേക്ക്
ഒരുമാത്ര മടങ്ങാൻ മനസ്സുമില്ല.

# ഭാഷയ്ക്കു സാമ്രാജ്യങ്ങൾ സൃഷ്ടിക്കാനാകും



ജോബിൻ എസ്. കൊട്ടാരം






സ്പെയിനിലെ ഇസബെല്ലാ രാജ്ഞിയുടെ സ്ഥാനാരോഹണച്ചടങ്ങിൽ പങ്കെടുക്കാനെത്തിയ ഒരു ബിഷപ് രാജ്ഞിക്കു സമ്മാനിച്ചത് സ്പാനിഷ് ഭാഷയുടെ വ്യാകരണഗ്രന്ഥമായിരുന്നു. എന്തിനാണിതെന്നു ചോദിച്ച രാജ്ഞിയോടു ബിഷപ് പറഞ്ഞ മറുപടി, 'ഭാഷയ്ക്കു സാമ്രാജ്യങ്ങൾ സൃഷ്ടിക്കാനാകും' എന്നതായിരുന്നു. ഭാഷയുടെ സാധ്യതകൾ ഉപയോഗിച്ച് അധികാരം നേടുകയും തങ്ങളുടെ വിജയത്തിനായി അവ ഉപയോഗിക്കുകയും ചെയ്തവരിൽ ഇംഗ്ലീഷുകാരും ഗ്രീക്കുകാരും ജർമൻകാരുമൊക്കെയുണ്ട്.

1953 ഡിസംബർ 23 ന് സംസ്ഥാന പുനഃസംഘടനാകമ്മീഷന്റെ നിയമനം പ്രധാനമന്ത്രിയായിരുന്ന നെഹ്റു പാർലമെന്റിൽ പ്രഖ്യാപിച്ചു. പ്രസ്തുത കമ്മീഷന്റെ ശിപാർശയുടെ ഫലമായാണ് മലയാളം സംസാരിക്കുന്നവർക്കുവേണ്ടി 1956 നവംബർ ഒന്നിന് ഐക്യകേരളം രൂപീകൃതമായത്. മലയാളഭാഷ എന്ന പൊതുവികാരത്തിൽനിന്നാണ് കേരളസംസ്ഥാനംപോലും രൂപംകൊണ്ടത്. എന്നാൽ, അർഹിക്കുന്ന പ്രാധാന്യവും വളർച്ചയും മലയാളഭാഷയ്ക്കുണ്ടായിട്ടുണ്ടോ എന്നു നാം പരിശോധിക്കേണ്ടിയിരിക്കുന്നു.

ഇന്ത്യയിൽ 19500 ഓളം മാതൃഭാഷകളുണ്ട് എന്നാണ് സർക്കാർ കണക്കുകൾ സൂചിപ്പിക്കുന്നത്. നൂറിൽ താഴെ ആളുകൾ സംസാരിക്കുന്ന മാതൃഭാഷകളും ഇതിൽ ഉൾപ്പെടും. ഇതിൽ ഭരണഘടനയുടെ എട്ടാം പട്ടികയിൽ വരുന്ന ഭാഷകൾ ഇരുപത്തിരണ്ടെണ്ണം മാത്രമാണ്. മലയാളം ഭരണഘടനയുടെ എട്ടാം പട്ടികയിൽ വരുന്ന ഭാഷയായതിനാൽ ദേശീയതലത്തിലുള്ള സിവിൽ സർവീസ്പോലുള്ള പരീക്ഷകൾ നമുക്ക് മലയാളത്തിൽ എഴുതാവുന്നതാണ്. എന്നാൽ, ഇന്നും ഭരണഘടന ഉറപ്പാക്കുന്ന ഈ അവകാശംപോലും നമുക്കു പൂർണമായും ലഭിക്കുന്നില്ല. ഇത്തരം പരീക്ഷകളുടെ ചോദ്യപ്പേപ്പറുകൾ ഇന്നും ഹിന്ദിയിലും ഇംഗ്ലീഷിലുംമാത്രമാണു ലഭിക്കുന്നത്. ഇത്തരത്തിൽ മലയാളമടക്കമുള്ള ഇതരഭാഷകളോടുള്ള ചിറ്റമ്മനയം മാറ്റേണ്ടിയിരിക്കുന്നു.

പുതിയ വിദ്യാഭ്യാസനയം പ്രാദേശികഭാഷയിലുള്ള ബോധനത്തെ പ്രോത്സാഹിപ്പിക്കുന്നതാണ്. സാങ്കേതികവിദ്യാഭ്യാസത്തിലും സാങ്കേതികവിദഗ്ധരുടെ എണ്ണത്തിലും ഇന്നു മുൻനിരയിലുള്ള ജർമനി, ജപ്പാൻ, സൗത്ത്കൊറിയ, റഷ്യ തുടങ്ങിയ രാജ്യങ്ങളിൽ ഉന്നതവിദ്യാഭ്യാസം അവരുടെ മാതൃഭാഷയിലാണു നടപ്പാക്കുന്നത്. ഏറ്റവുമധികം പുതിയ കണ്ടുപിടിത്തങ്ങൾ നടക്കുന്നതും ഈ രാജ്യങ്ങളിലാണ് എന്നുള്ളതും മാതൃഭാഷയിലുള്ള ബോധനത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നു.

ഓൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ (AICTE) 2020 ൽ 83000 വിദ്യാർഥികളെ പങ്കെടുപ്പിച്ചു നടത്തിയ സർവേയിൽ പങ്കെടുത്ത 44% വിദ്യാർഥികളും തങ്ങളുടെ മാതൃഭാഷയിൽ എഞ്ചിനീയറിംഗ് പഠനം നടത്താൻ ആഗ്രഹിക്കുന്നവരാണ്. ഇതിന്റെ പശ്ചാത്തലത്തിൽ എ.ഐ.സി.റ്റി.ഇ.യും, ഐ.ഐ.റ്റി. മദ്രാസും സെൻട്രൽ ഗവൺമെന്റിന്റെ ഈ ലേണിങ് പ്ലാറ്റ്ഫോമായ സ്വയം പ്ലാറ്റ്ഫോമിൽ കോഴ്സുകൾ മലയാളമടക്കം എട്ടു പ്രാദേശികഭാഷകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

ബി.ടെക്, മലയാളമടക്കം 11 പ്രാദേശികഭാഷകളിൽ പഠിക്കാനുള്ള അവസരം എ.ഐ.സി.ടി.ഇ. ഒരുക്കിയപ്പോഴും അതിനോടു മുഖംതിരിച്ചുനിൽക്കുന്ന കാഴ്ചയാണ് കേരളത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. സിവിൽ സർവീസ് മെയിൻ പരീക്ഷ മലയാളത്തിലെഴുതാമെന്നിരിക്കേ, കേരളത്തിൽ നടന്ന കേരള അഡ്മിനിസ്ട്രേറ്റീവ് പരീക്ഷ മലയാളത്തിലെഴുതാൻ അനുവദിക്കണമെന്ന ആവശ്യവുമായി കേരള പി.എസ്.സി.യുടെ പടിക്കൽ വിവിധ സംഘടനകൾ ഒരു മാസത്തോളം സമരം ചെയ്യേണ്ടിവന്നു എന്നതുതന്നെ ഉദ്യോഗസ്ഥ-സർക്കാർ തലത്തിൽ മലയാളഭാഷയോടുള്ള പുച്ഛം വെളിവാക്കുന്നു.

'ഒരു വ്യക്തി മാതൃഭാഷയിൽ പഠിക്കുമ്പോൾ അന്യഭാഷയിൽ പഠിക്കുന്നതിനെക്കാൾ ആറിലൊന്നു പ്രയത്നംമാത്രം എടുത്താൽ മതി' എന്നു ഗാന്ധിജി പറഞ്ഞിട്ടുണ്ട്.

ഇന്ത്യയിൽ കേവലം ആറു ശതമാനത്തിൽ താഴെ വിദ്യാർഥികൾമാത്രമാണ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നതെന്ന് രാഷ്ട്രഭാഷാദിനത്തിൽ നടത്തിയ പ്രസംഗത്തിൽ ആഭ്യന്തരമന്ത്രി അമിത് ഷാ പറയുകയുണ്ടായി. ഇതും സൂചിപ്പിക്കുന്നത് പ്രാദേശികഭാഷകളിൽ വിദ്യാഭ്യാസവും മത്സരപ്പരീക്ഷകളും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയാണ്.

ഇന്ത്യയ്ക്ക് ദേശീയഭാഷ എന്നൊന്നില്ല. ഭരണഘടനയുടെ 343-ാം ആർട്ടിക്കിൾ ഹിന്ദിയെ ഒഫീഷ്യൽ ലാംഗ്വേജായി പ്രഖ്യാപിക്കുന്നതിനൊപ്പം ഔദ്യോഗികാവശ്യങ്ങൾക്കായി ഇംഗ്ലീഷ് ഉപയോഗിക്കുന്നതിനെയും അംഗീകരിക്കുന്നു. എന്നാൽ, തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ ഭരണഘടനയുടെ എട്ടാം പട്ടികയിലുള്ള മലയാളവും തമിഴുമടക്കമുള്ള 22 ഭാഷകളും ഇന്ത്യയുടെ ഔദ്യോഗികഭാഷയാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ദേശീയതലത്തിൽ കേന്ദ്രസർക്കാർ നടത്തുന്ന മത്സരപ്പരീക്ഷകളുടെ ചോദ്യപ്പേപ്പറുകൾ മലയാളമടക്കമുള്ള പ്രാദേശികഭാഷകളിൽക്കൂടി ലഭ്യമാക്കണമെന്ന് കേരള മുഖ്യമന്ത്രി പിണറായി വിജയനും ആവശ്യപ്പെട്ടിട്ടുണ്ട്.

യുനെസ്കോയുടെ ഡയറക്ടർ ജനറലായിരുന്ന കൊയ്ച്ചീറോ മത്സുര 'നമ്മുടെ അമ്മമാരിൽനിന്നു നാം പഠിക്കുന്ന ഭാഷ (മാതൃഭാഷ) നമ്മുടെ ആഴത്തിലുള്ള ചിന്തകളുടെ വിളനിലമാണ്' എന്നു പ്രഖ്യാപിക്കുകയുണ്ടായി. ഏതാണ്ട് ആറായിരത്തോളം ഭാഷകൾ നാമാവശേഷമായി സംഭവിക്കുന്നു എന്ന തിരിച്ചറിവിലാണ് യുനെസ്കോ ലോകമെമ്പാടുമുള്ള മാതൃഭാഷകളുടെ ഉന്നമനത്തിനായി സജീവപ്രവർത്തനമാരംഭിച്ചത്.

ഭാഷയെന്നത് കേവലം വികാരത്തിന്റെ കാര്യംമാത്രമല്ല. നമ്മുടെ സാംസ്കാരികത്തനിമയുടെ അടയാളംകൂടിയാണത്. ഇന്ന് മാതൃഭാഷയിലുള്ള വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കാൻ ടെക്നോളജികൂടി നമുക്കൊപ്പമുണ്ട്. ഗൂഗിൾ ട്രാൻസലേറ്റ്പോലുള്ള സാങ്കേതികവിദ്യ പഠനം ലളിതവും അനായാസവുമാക്കുന്നു.

ഇന്ത്യയുടെ ഉപരാഷ്ട്രപതിയായിരുന്ന എം. വെങ്കയ്യ നായിഡുവിനെപ്പോലുള്ള ആളുകൾ മാതൃഭാഷയിലുള്ള ബോധനത്തിനുവേണ്ടി നിരന്തരം വാദിച്ചവരാണ്.

ഇംഗ്ലീഷിലും ഒപ്പം, മാതൃഭാഷയായ മലയാളത്തിലും ഉന്നതവിദ്യാഭ്യാസം നേടാനും മത്സരപ്പരീക്ഷകൾ എഴുതാനുമുള്ള സാഹചര്യമാണ് നമ്മുടെ നാട്ടിലുണ്ടാകേണ്ടത്. സാധാരണക്കാരായ ജനങ്ങൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു വരുന്നതിനും മാതൃഭാഷയിലുള്ള വിദ്യാഭ്യാസം സഹായകരമാകും. ■

## യുവസാഹിത്യക്യാമ്പ് അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന യുവസാഹിത്യക്യാമ്പിൽ പങ്കെടുക്കുന്നതിനു താത്പര്യമുള്ള 18 നും 40 നും മധ്യേ പ്രായമുള്ള യുവഎഴുത്തുകാരിൽനിന്ന് അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ളവർ തങ്ങളുടെ രചനകൾ (കഥ - കവിത മലയാളത്തിൽ) സെപ്റ്റംബർ 30 നകം താഴെപ്പറയുന്ന ഇ-മെയിൽ വിലാസത്തിലോ തപാൽ മുഖേനയോ അയയ്ക്കേണ്ടതാണ്. സൃഷ്ടികർത്താവിന്റെ പേരും മേൽവിലാസവും രചനകളോടൊപ്പം രേഖപ്പെടുത്തേണ്ടതാണ്. മുമ്പു പ്രസിദ്ധീകരിച്ചിട്ടില്ലാത്തതും മൗലികവുമായ രചനകൾ ഡി.റ്റി.പി ചെയ്തത്, വയസ്സു തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി (എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് / ആധാർ / വോട്ടർ ഐ.ഡി. ഇവയിൽ ഏതെങ്കിലും ഒന്ന്) ബയോഡാറ്റ, വാട്ട്സാപ്പ് നമ്പർ എന്നിവ സഹിതം നൽകേണ്ടതാണ്. കവിത 60 വരിയിലും കഥ 8 ഫുൾസ്കാപ്പ് പേജിലും കവിയരുത്.

**രചനകൾ അയയ്ക്കേണ്ട വിലാസം:**

ഇ-മെയിൽ : sahithyacamp2024@gmail.com

തപാൽവിലാസം : കേരളസംസ്ഥാനയുവജനക്ഷേമ ബോർഡ്, സ്വാമി വിവേകാനന്ദ യൂത്ത് സെന്റർ, ദൂരദർശൻ കേന്ദ്രത്തിനു സമീപം, കുടപ്പനക്കുന്ന് പി.ഒ., തിരുവനന്തപുരം - 695 043



സനിൽ പി. തോമസ്

# വനിതാക്രിക്കറ്റിൽ കേരളത്തിന് ഇരട്ടനേട്ടം

രണ്ടു കേരളതാരങ്ങൾ ഒരുമിച്ച് ഇന്ത്യൻ ക്രിക്കറ്റ് ടീമിൽ. ഒക്ടോബർ മൂന്നിന് യു.എ.ഇ.യിൽ ആരംഭിക്കുന്ന വനിതകളുടെ ട്വന്റി 20 ലോകകപ്പിനുള്ള ഇന്ത്യൻ ടീമിൽ ആശ ശോഭനയും സജന സജീവനും സ്ഥാനം നേടി. തൊട്ടുപിന്നാലെ ഓസ്ട്രേലിയയ്ക്കെതിരായ ഏകദിന – ചതുർദിന അണ്ടർ 19 ക്രിക്കറ്റിനുള്ള ഇന്ത്യൻ ടീമിൽ മുഹമ്മദ് ഇനാൻ സ്ഥാനം കണ്ടെത്തി. പുതുശേരിയിലും ചെന്നൈയിലുമായാണ് ഇന്ത്യാ–ഓസ്ട്രേലിയ കൗമാരക്രിക്കറ്റ്.

ഓസ്ട്രേലിയയിൽ കഴിഞ്ഞ ദിവസം സമാപിച്ച ഇന്ത്യൻ വനിതാ 'എ' ടീമിന്റെ പര്യടനവേളയിൽ നായികയായത് മിന്നുമണിയാണ്. സജനയും ടീമിൽ ഉണ്ടായിരുന്നു. നേരത്തേ ബംഗ്ലാദേശിലും ചൈനയിലെ ഏഷ്യൻ ഗെയിംസിൽ സ്വർണം നേടിയ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിലും മിന്നുമണി കളിച്ചു. 2028 ലെ ലൊസാഞ്ചലസ് ഒളിമ്പിക്സിൽ ട്വന്റി 20 ക്രിക്കറ്റ് മത്സരയിനമാകുമ്പോൾ ഇന്ത്യയുടെ പുരുഷ – വനിതാടീമുകളിൽ കേരളതാരങ്ങൾ ആരെങ്കിലും കാണുമെന്ന പ്രതീക്ഷ ഉയരുകയാണ്.



മുഹമ്മദ് ഇനാൻ

വയനാട്ടിലെ മാനന്തവാടിയിൽനിന്നാണ് സജനയും മിന്നുവും കളിച്ചുവളർന്നത്. ആശ തിരുവനന്തപുരം പേരൂർക്കട സ്വദേശിനി. ആശ വർഷങ്ങളായി ഹൈദരാബാദിൽ റെയിൽവേസിലാണ്. മിന്നുവും അടുത്തനാളിൽ റെയിൽവേസിൽ ചേർന്നു. ദേശീയക്രിക്കറ്റിൽ ഇരുവരും ഇനി കേരളത്തിനുവേണ്ടി കളിച്ചെന്നുവരില്ല. പക്ഷേ, അഭിമാനിക്കാം, ഇവർ ക്രിക്കറ്റ്കളിയിൽ ഉയരങ്ങൾ കീഴടക്കിയത് കേരളത്തിന്റെ മണ്ണിൽനിന്നാണ്.

മുഹമ്മദ് ഇനാൻ തൃശൂർ സ്വദേശിയാണ്. തൃശ്ശൂർ മുണ്ടൂർ ഷാനവാസ് മൊയ്തൂട്ടിയുടെയും റഹീനയുടെയും പുത്രൻ. സംസ്ഥാന ടീമിൽ അണ്ടർ 14 തലംമുതൽ കളിച്ച ഓൾ റൗണ്ടർ. ലെഗ് സ്പിന്നറും മധ്യനിര ബാറ്ററുമാണ് ഇനാൻ. മുണ്ടൂർ ആത്രേയ ക്രിക്കറ്റ് അക്കാദമിയിൽ പി. ബാലചന്ദ്രന്റെ ശിക്ഷണത്തിൽ വളർന്ന ഇനാൻ വിജയ് മെർച്ചന്റ് ട്രോഫിയിലും കൂച്ച് ബിഹർ ട്രോഫിയിലും കാഴ്ചവച്ച മികച്ച പ്രകടനത്തിന്റെ വെളിച്ചത്തിൽ ബംഗളൂരുവിൽ ദേശീയ ക്രിക്കറ്റ് ക്യാമ്പിൽ എത്തി. അക്കാദമിയിലെത്തിയ 25 പേരിൽ നിന്ന് 15 അംഗ ഇന്ത്യൻ ടീമിൽ സ്ഥാനം നേടുകയായിരുന്നു ഈ പതിനെട്ടുകാരൻ. കൂച്ച് ബിഹർ ട്രോഫിയിൽ പോയവർഷം കേരളത്തിന്റെ അണ്ടർ 19 ടീമിനെ രണ്ടാംഘട്ടത്തിൽ എത്തിച്ചത്. ഇനാൻ നേടിയ 200 ൽ അധികം റൺസും 24 വിക്കറ്റുമാണ്. തൃശൂർ കേരളവർമ കോളജിൽ ഒന്നാംവർഷ ബി.കോം. വിദ്യാർഥിയാണ് ഇനാൻ.

വനിതാ ക്രിക്കറ്റിൽ നമ്മുടെ മൂന്നുതാരങ്ങളും ഒരുപോലെ ദേശീയശ്രദ്ധ നേടിയത് ഈ വർഷം നടന്ന വിമൻസ് പ്രീമിയർ ലീഗ് രണ്ടാം പതിപ്പിലാണ്. ലെഗ് സ്പിന്നറായ ആശ ശോഭന 2009 ൽ ഇന്ത്യയുടെ അണ്ടർ 19 ക്യാമ്പിൽ എത്തിയപ്പോൾ ഈ നേട്ടം കൈവരിച്ച ആദ്യ മലയാളിവനിതാതാരമായി, 2023 ൽ മിന്നുമണി ഇന്ത്യൻ ട്വന്റി 20 ടീമിലെത്തിയപ്പോഴും കേരളത്തിനു ചരിത്രനേട്ടമായി.

കഴിഞ്ഞ ജൂണിൽ ബംഗളൂരുവിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഏകദിനമത്സരത്തിലാണ് ആശ ശോഭന ഇന്ത്യൻ ടീമിൽ അരങ്ങേറിയത്. നാലു വിക്കറ്റും വീഴ്ത്തി മുപ്പത്തിമൂന്നാം വയസ്സിൽ ഇന്ത്യൻ ജേഴ്സിയണിഞ്ഞ ആശ പ്രായം കൂടിയ അരങ്ങേറ്റക്കാരിയായി. നേരത്തേ മേയിൽ ആശ ബംഗ്ലാദേശിനെതിരായ ട്വന്റി 20 യിൽ അരങ്ങേറിയിരുന്നു. ബംഗ്ലാദേശിനെതിരായ ട്വന്റി 20 പരമ്പരയിലാണ് സജനയും ആദ്യമായി ഇന്ത്യയ്ക്കുവേണ്ടി കളിച്ചത്. വെടിക്കെട്ട് ബാറ്ററാണു സജന. കൂറ്റൻ സിക്സറുകൾക്കു പേരുകേട്ട താരം.

ഓസ്ട്രേലിയയിൽ ഇന്ത്യയുടെ 'എ' ടീമിനെ നയിച്ച മിന്നുമണിയാണ് മൂവരിൽ ചെറുപ്പം. ഈ ഇരുപത്താറുകാരി അനൗദ്യോഗിക ടെസ്റ്റിൽ ഓസ്ട്രേലിയൻ 'എ' ടീമിന്റെ 11 വിക്കറ്റാണു വീഴ്ത്തിയത്. ഇന്ത്യൻ പുരുഷടീമിൻ സഞ്ജു സാംസനുതന്നെ സ്ഥിരം സാന്നിധ്യമാകാൻ കഴിയാതെ വരുന്നു. പിൻഗാമിയാകാൻ മുഹമ്മദ് ഇനാനു കഴിയുമെന്നു കരുതാം. കേരള ക്രിക്കറ്റ് ലീഗ് പുതിയ താരനിരയെ വളർത്തിയെടുക്കാൻ സഹായിക്കുമെന്നു പ്രതീക്ഷിക്കാം.



സജന സജീവനും ആശ ശോഭനയും

മറിച്ച്, വനിതാ വിഭാഗത്തിൽ മൂന്നു കേരളതാരങ്ങൾ ഒരുപോലെ മികവു കാട്ടുന്നു. രണ്ടുപേർ ഒരുമിച്ച് ഇന്ത്യയ്ക്കുവേണ്ടി കളിക്കുന്നത് വലിയ നേട്ടമാണ്. പുരുഷവിഭാഗത്തിൽ എസ്. ശ്രീശാന്തും(2007, 2011) സഞ്ജു സാംസനും (2024) ലോകകപ്പ് നേടിയ ഇന്ത്യൻ ടീമുകളിൽ ഉൾപ്പെട്ടു. വനിതാവിഭാഗത്തിൽ ഇന്ത്യയ്ക്ക് ലോകകപ്പ് വിജയം സാധ്യമായിട്ടില്ല. മലയാളി താരസാന്നിധ്യത്തിൽ അതു സാധ്യമാകട്ടെ.

■




*11–ാം പേജ് തുടർച്ച*

സർജറിയുടെ ദിവസം വെളുപ്പിന് അവളെ പ്രത്യേകം വേഷം ധരിപ്പിച്ച് നേഴ്സുമാർ ഓപ്പറേഷൻ തീയറ്ററിലേക്കു കൊണ്ടുപോയി. സിസിലി അനുഗമിച്ചു. വേറാരും കൂടെയുണ്ടായിരുന്നില്ല.

ഓപ്പറേഷൻ തീയറ്ററിന്റെ വെളിയിൽ, പ്ലാസ്റ്റിക് കസേരയിൽ സിസിലി ജപമാല ചൊല്ലി പ്രാർഥിച്ചുകൊണ്ടിരുന്നു. ഇടയ്ക്ക് വികാരിയച്ചൻ ഫോൺ വിളിച്ച് വിവരം തിരക്കി.

രണ്ടുമണിക്കൂർ കഴിഞ്ഞ് ഡോക്ടർ പുറത്തേക്കിറങ്ങി വന്നിട്ട് സിസിലിയെ വിളിച്ചു. സിസിലി എണീറ്റ് ഡോക്ടറുടെ അടുത്തേക്കു ചെന്ന് ഉത്കണ്ഠയോടെ നോക്കി.

"സർജറി കഴിഞ്ഞു. കുഴപ്പമൊന്നുമില്ല. ഒരു ദിവസം ഒബ്സർവേഷനിൽ കിടത്തിയിട്ട് നാളെ റൂമിലേക്കു മാറ്റാം. അമ്മ ഇനി ഇവിടെ ഇരിക്കണമെന്നില്ല. റൂമിലേക്കു പൊയ്ക്കോ. എന്തേലും ആവശ്യമുണ്ടേൽ വിളിച്ചേക്കാം."

"വളരെ നന്ദി ഡോക്ടർ."

സിസിലി ഭവ്യതയോടെ കൈകൂപ്പി. ഡോക്ടർ ചിരിച്ചുകൊണ്ട് തലകുലുക്കി. സന്തോഷത്തോടെയാണ് സിസിലി റൂമിലേക്കു മടങ്ങിയത്. മുറിയിൽ വന്നിരുന്ന് പ്രാർഥന തുടർന്നു സിസിലി.

പിറ്റേന്ന് ഉച്ചയായപ്പോൾ എൽസയെ റൂമിലേക്കു കൊണ്ടുവന്നു. അവളുടെ മുഖത്ത് സന്തോഷം പ്രകടമായിരുന്നു.

"വേദന ഉണ്ടോ മോളേ?" സിസിലി ആരാഞ്ഞു.

"ചെറിയൊരു വേദന. സഹിക്കാവുന്നതേയുള്ളൂ."

"പേടി തോന്നിയായിരുന്നോ?"

"ബോധം കെടുത്താതെ ലോക്കൽ അനസ്തേഷ്യ തന്നിട്ടാ സർജറി നടത്തീത്. എന്റെ പേടി കണ്ടിട്ടാന്നു തോന്നുന്നു, ഓപ്പറേഷന്റെ സമയം മുഴുവൻ എന്നോട് ഓരോ കഥകളും തമാശകളും പറഞ്ഞു ചിരിച്ചോണ്ടിരിക്കായിരുന്നു ഡോക്ടർ. എന്റെ ഹിസ്റ്ററി ചോദിച്ചു. എന്റെ ഫോൺ നമ്പറും മേടിച്ചിട്ടുണ്ട്. സമയം പോയതു ഞാനറിഞ്ഞതേയില്ല. എത്ര നല്ല ഡോക്ടറാ. ചെറുപ്പക്കാരനാ. കല്യാണം കഴിച്ചിട്ടില്ല. പേഷ്യന്റ്സിനോട് ഡോക്ടർ ഫ്രണ്ട്ലിയായിട്ട് ഇടപെടുമ്പംതന്നെ നമ്മുടെ പകുതി രോഗം മാറും അമ്മേ."

സിസിലി ചിരിച്ചതേയുള്ളൂ.

"രണ്ടുമാസം കഴിഞ്ഞു കാണാൻ വരുമ്പം ഓടിച്ചാടി വരണമെന്നു പറഞ്ഞാ വിട്ടിരിക്കുന്നേ." എൽസ ചിരിച്ചു. ആ ചിരിയിൽ സിസിലിയും പങ്കുചേർന്നു.

ഒരാഴ്ച കഴിഞ്ഞപ്പോൾ എൽസയെ ഡിസ്ചാർജ് ചെയ്തു. പോരുന്നതിനുമുമ്പ് ഡോക്ടർ പറഞ്ഞു:

"ഞാൻ പറഞ്ഞ എക്സർസൈസ് കൃത്യമായിട്ട് ചെയ്യണം കേട്ടോ. ഇനി വരുമ്പം തുള്ളിച്ചാടി വേണം എന്നെ വന്നു കാണാൻ."

അതുകേട്ട് എൽസ കിലുകിലെ ചിരിച്ചു.

ഡോക്ടർ സിസിലിയെ നോക്കിപറഞ്ഞു.

"ഞങ്ങളു വല്യ ഫ്രണ്ട്സായി."

"ഇവളു പറഞ്ഞു."

"ശരി. എല്ലാം നന്നായി വരട്ടെ."

"ഡോക്ടറുടെ ഫോൺ നമ്പർ ഒന്നു തരാേ? എന്തേലും ആവശ്യം വന്നാൽ ഒന്നു വിളിക്കാനാ." സിസിലി മടിച്ചുമടിച്ചു ചോദിച്ചു.

"ഒഫ് കോഴ്സ്." ഡോക്ടർ നമ്പർ പറഞ്ഞുകൊടുത്തു. എൽസ മൊബൈലിൽ അതു ഫീഡ് ചെയ്തു.

"ശരി." എൽസയുടെ ചുമലിൽ ഒന്നു തട്ടിയിട്ട് ഡോക്ടർ മുറിവിട്ടിറങ്ങി.

"എത്ര നല്ല ഡോക്ടറാ. ചിലരുണ്ട്, മനുഷ്യന്റെ മുഖത്തേക്കു പോലും നോക്കില്ലാത്ത മൂശേട്ടകള്. അങ്ങനുള്ളവരുടെ അടുത്തേക്ക് ഒരു പ്രാവശ്യം പോയാൽ പിന്നെ പോകാനേ തോന്നില്ല." സിസിലി പറഞ്ഞു.

"ഒരു ദിവസം നമ്മുടെ വീട്ടിൽ വരൂന്ന് ഡോക്ടർ പറഞ്ഞിട്ടുണ്ട് അമ്മേ."

"അതൊക്കെ ചുമ്മാ പറഞ്ഞതായിരിക്കും. എല്ലാരോടും പറയുന്നതായിരിക്കും. ഒന്നു സന്തോഷിപ്പിക്കാൻ."

എൽസ ഒന്നും മിണ്ടിയില്ല.

(തുടരും)

Deepanalam Weekly

RNI No : 16998/68
Vol. 57 No. 27 Date of Publication 5 September 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത് നമ്മുടെ
അച്ചായൻസ് തന്നെ

KERALA'S NO.1 GOLD BUYER

TONY VALLIALIL ACHAYANS GROUP
SINCE 2005

അച്ചായൻസ്
ഗോൾഡ് 916 HALLMARKED JEWELLERY

പാലാ | ഉഴവൂർ | കരിങ്കുന്നം

കോട്ടയം | ചങ്ങനാശ്ശേരി | ഏറ്റുമാനൂർ | എറണാകുളം | തൊടുപുഴ
ചിങ്ങവനം | സംക്രാന്തി | കടുത്തുരുത്തി | കടുവാക്കുളം | ചേർത്തല

Ph: 9072 388 172 | 8590 046 916

CASH FOR GOLD







Tasteit
ടേസ്റ്റിറ്റ്





അതേ രുചി...അതേ ഗുണം..
65 വർഷത്തെ വിശ്വാസം
എന്നും നിങ്ങളോടൊപ്പം...

Customer Care No.
04822-262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ
ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:

മൂഴയിൽ ഫൈനാൻസിയേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ

ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപ മാത്രം പലിശ

കൊറ്റത്തിൽ ആയുർവ്വേദ
ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം

Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org